©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ഫെബ്രുവരി 09<br>09th February 2021<br>1196 മകരം 27<br>27th Makaram 1196<br>1942 മാഘം 20<br>20th Magha 1942 | നമ്പർ<br>No. | 628 |

### കേരള സർക്കാർ

### നിയമ (നിയമനിർമ്മാണം-ജി) വകുപ്പ്

### വിജ്ഞാപനം

നമ്പർ 12010/ലെഗ്. ജി2/2020/നിയമം.

*തിരുവനന്തപുരം, 2021 ഫെബ്രുവരി 2*
*1196 മകരം 20*
*1942 മാഘം 13.*

കേരള സംസ്ഥാന നിയമസഭയുടെ താഴെപ്പറയുന്ന ആക്റ്റ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു. നിയമസഭ പാസ്സാക്കിയ പ്രകാരമുള്ള ബില്ലിന് 2021 ഫെബ്രുവരി 1-ാം തീയതി ഗവർണ്ണറുടെ അനുമതി ലഭിച്ചു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അരവിന്ദബാബു പി. കെ.,
*നിയമ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2021-ലെ 1-ാം ആക്റ്റ്

## 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റ്

സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും വ്യതിചലിച്ച് ആധുനിക സാങ്കേതികശാസ്ത്ര സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി എല്ലാ വൈജ്ഞാനിക മേഖലകളിലും വിവിധ തലത്തിലുള്ള ഉന്നത വിദ്യാഭ്യാസം വിദൂര വിദ്യാഭ്യാസത്തിലൂടെ പ്രദാനം ചെയ്യുന്നതിനും നൈപുണ്യ വികസനത്തിനും ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനും ഏകാംഗീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗിക മായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

<u>പീഠിക</u>.—സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും വ്യതിചലിച്ച് ആധുനിക സാങ്കേതികശാസ്ത്ര സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി എല്ലാ വൈജ്ഞാനിക മേഖലകളിലും വിവിധ തലത്തിലുള്ള ഉന്നത വിദ്യാഭ്യാസം വിദൂര വിദ്യാഭ്യാസത്തിലൂടെ പ്രദാനം ചെയ്യുന്നതിനും നൈപുണ്യ വികസനത്തിനും ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനും ഏകാംഗീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റു കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

### <u>അദ്ധ്യായം 1</u>

### പ്രാരംഭം

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ആക്റ്റിന് 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റ് എന്ന് പേര് പറയാം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഇത് 2020 സെപ്റ്റംബർ 25-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(എ) "അക്കാദമിക സ്ഥാപനം" എന്നാൽ സംസ്ഥാനത്ത് നിയമം മൂലം സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റികളോട് അഫിലിയേറ്റ് ചെയ്യപ്പെട്ടതോ അല്ലെങ്കിൽ അങ്ങനെയുള്ള യൂണിവേഴ്സിറ്റികൾ അംഗീകരിച്ചിട്ടുള്ളതോ ആയ ഒരു സ്ഥാപനം എന്നർത്ഥമാകുന്നതും അതിൽ അങ്ങനെയുള്ള യൂണിവേഴ്സിറ്റികൾ ഉൾപ്പെടുന്നതുമാകുന്നു;

(ബി) "അക്കാദമിക് കൗൺസിൽ" എന്നാൽ 29-ാം വകുപ്പ് പ്രകാരമുള്ള യൂണിവേഴ്സിറ്റിയുടെ ഒരു അക്കാദമിക് കൗൺസിൽ എന്നർത്ഥമാകുന്നു;

(സി) "അധികാരസ്ഥാനം" എന്നാൽ 20-ാം വകുപ്പ് പ്രകാരമുള്ള യൂണിവേഴ്സിറ്റിയുടെ ഒരു അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(ഡി) "പഠന സ്കൂൾ ബോർഡ്" എന്നാൽ 42-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട പഠന സ്കൂൾ ബോർഡ് എന്നർത്ഥമാകുന്നു;

(ഇ) "കാമ്പസ്" എന്നാൽ പഠന കോഴ്സുകൾക്ക് ബോധനം നൽകുന്നതിനുവേണ്ടി യൂണിവേഴ്സിറ്റി ക്രമീകരിക്കുന്ന സ്ഥലങ്ങൾ എന്നർത്ഥമാകുന്നു;

(എഫ്) "ചാൻസലർ" എന്നാൽ യൂണിവേഴ്സിറ്റിയുടെ ചാൻസലർ എന്നർത്ഥമാകുന്നു;

(ജി) "പഠന കോഴ്സ്" എന്നാൽ ഈ ആക്ററിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾ പ്രകാരം യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റോ ഡിപ്ലോമയോ ബിരുദമോ ബിരുദാനന്തര ബിരുദമോ ഗവേഷണ ബിരുദമോ അല്ലെങ്കിൽ മറ്റ് അക്കാദമിക ബഹുമതിയോ ലഭിക്കുന്നതിനുവേണ്ടിയുള്ള ഒരു പഠന കോഴ്സ് എന്നർത്ഥമാകുന്നു;

(എച്ച്) "സൈബർ കൺട്രോളർ" എന്നാൽ 17-ാം വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട സൈബർ കൺട്രോളർ എന്നർത്ഥമാകുന്നു;

(ഐ) "സൈബർ കൗൺസിൽ" എന്നാൽ 37-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ഒരു സൈബർ കൗൺസിൽ എന്നർത്ഥമാകുന്നു;

(ജെ) "ജീവനക്കാരൻ" എന്നാൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾക്കായി സ്റ്റാറ്റ്യൂട്ടുകളാൽ നിയമിക്കപ്പെട്ട ഒരാൾ എന്നർത്ഥമാകുന്നതും അതിൽ അദ്ധ്യാപകരും ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു;

(കെ) "ഫൈനാൻസ് കൗൺസിൽ" എന്നാൽ 33-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട യൂണിവേഴ്സിറ്റിയുടെ ഫൈനാൻസ് കൗൺസിൽ എന്നർത്ഥമാകുന്നു;

(എൽ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എം) “വിജ്ഞാപനം” എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എൻ) “ഉദ്യോഗസ്ഥൻ” എന്നാൽ 10-ാം വകുപ്പ് പ്രകാരമുള്ള യൂണിവേഴ്സിറ്റിയുടെ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകളാൽ ഉദ്യോഗസ്ഥൻ എന്ന് സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഒരാൾ എന്നർത്ഥമാകുന്നു;

(ഒ) “ഓർഡിനൻസുകൾ” എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള യൂണിവേഴ്സിറ്റിയുടെ ഓർഡിനൻസുകൾ എന്നർത്ഥമാകുന്നു;

(പി) “നിർണ്ണയിക്കപ്പെട്ട” എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാലോ സ്റ്റാറ്റ്യൂട്ടുകളാലോ ഓർഡിനൻസുകളാലോ റഗുലേഷനുകളാലോ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ക്യൂ) “പ്രോ-ചാൻസലർ” എന്നാൽ യൂണിവേഴ്സിറ്റിയുടെ പ്രോ-ചാൻസലർ എന്നർത്ഥമാകുന്നു;

(ആർ) “റീജിയണൽ കേന്ദ്രം” എന്നാൽ സംസ്ഥാനത്ത് ഏതെങ്കിലും പഠന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മേൽനോട്ടത്തിനും യൂണിവേഴ്സിറ്റി സ്ഥാപിച്ചതോ അംഗീകരിച്ചതോ ആയ ഒരു കേന്ദ്രം എന്നർത്ഥമാകുന്നതും അങ്ങനെയുള്ള റീജിയണൽ കേന്ദ്രത്തിന് ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലും വിനിർദ്ദേശിച്ചിട്ടുള്ള അങ്ങനെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതുമാണ്;

(എസ്) “റഗുലേഷനുകൾ” എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള യൂണിവേഴ്സിറ്റിയുടെ റഗുലേഷനുകൾ എന്നർത്ഥമാകുന്നു;

(ടി) “പഠന സ്കൂൾ” എന്നാൽ 41-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റിയുടെ ഒരു പഠന സ്കൂൾ എന്നർത്ഥമാകുന്നു;

(യു) “സെനറ്റ്” എന്നാൽ 21-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട യൂണിവേഴ്സിറ്റിയുടെ സെനറ്റ് എന്നർത്ഥമാകുന്നു;

(വി) “സംസ്ഥാനം” എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(ഡബ്ല്യു) “സ്റ്റാറ്റ്യൂട്ടുകൾ” എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ടുകൾ എന്നർത്ഥമാകുന്നു;

(എക്സ്) “വിദ്യാർത്ഥി” എന്നാൽ ഒരു പഠന കോഴ്സിനായി യഥാവിധി യൂണിവേഴ്സിറ്റിയിൽ പേര് ചേർത്തിട്ടുള്ള ഒരു ആൾ എന്നർത്ഥമാകുന്നു;

(വൈ) “പഠന കേന്ദ്രം” എന്നാൽ പഠന കോഴ്സുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി സ്ഥാപിച്ചതോ അംഗീകരിച്ചതോ ആയ ഒരു കേന്ദ്രം എന്നർത്ഥമാകുന്നതും അതിൽ അക്കാദമിക സ്ഥാപനങ്ങൾ ഉൾപ്പെടുന്നതുമാകുന്നു;

(ഇസഡ്) “സിൻഡിക്കേറ്റ്” എന്നാൽ 25-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട യൂണിവേഴ്സിറ്റിയുടെ സിൻഡിക്കേറ്റ് എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഇസഡ് എ) "അദ്ധ്യാപകൻ" എന്നാൽ ഒരു വിദ്യാർത്ഥിക്ക് ബോധനം നൽകുന്നതിനോ ഗവേഷണത്തിന്റെ മേൽനോട്ടം വഹിക്കുന്നതിനോ വേണ്ടി യൂണിവേഴ്സിറ്റി നിയമിച്ചതോ അംഗീകരിച്ചതോ ആയ ഒരാൾ എന്നർത്ഥമാകുന്നു;

(ഇസഡ് ബി) "യൂണിവേഴ്സിറ്റി" എന്നാൽ 3-ാം വകുപ്പ് പ്രകാരം സ്ഥാപിക്കപ്പെട്ടതും ഏകാംഗീകരിക്കപ്പെട്ടതുമായ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി എന്നർത്ഥമാകുന്നു;

(ഇസഡ് സി) "യൂണിവേഴ്സിറ്റി ഫണ്ട്" എന്നാൽ 56-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഫണ്ട് എന്നർത്ഥമാകുന്നു;

(ഇസഡ് ഡി) "വൈസ്-ചാൻസലർ" എന്നാൽ യൂണിവേഴ്സിറ്റിയുടെ വൈസ്-ചാൻസലർ എന്നർത്ഥമാകുന്നു.

## <u>അദ്ധ്യായം 2</u>

## യൂണിവേഴ്സിറ്റി

3. <u>യൂണിവേഴ്സിറ്റിയുടെ സ്ഥാപനവും ഏകാംഗീകരണവും</u>.—(1) "ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി" എന്ന പേരിൽ ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കേണ്ടതും അതിൽ യൂണിവേഴ്സിറ്റിയുടെ റീജിയണൽ കേന്ദ്രങ്ങളും പഠന കേന്ദ്രങ്ങളും ഉൾപ്പെടുന്നതുമാകുന്നു. ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം അതിൽ ഒരു ചാൻസലർ, ഒരു പ്രോ-ചാൻസലർ, ഒരു വൈസ്-ചാൻസലർ, ഒരു പ്രോ-വൈസ്-ചാൻസലർ, അധികാരസ്ഥാനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്.

(2) യൂണിവേഴ്സിറ്റി ശാശ്വത പിൻതുടർച്ചാവകാശത്തോടും ഒരു പൊതുമുദ്രയോടും കൂടിയ ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) യൂണിവേഴ്സിറ്റിയുടെ ആവശ്യങ്ങൾക്കായി അതിനു സ്ഥാവരവും ജംഗമവുമായ വസ്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും യൂണിവേഴ്സിറ്റിയുടെ ആവശ്യത്തിന് നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ളതോ ആർജ്ജിച്ചിട്ടുള്ളതോ ആയ സ്ഥാവരമോ ജംഗമമോ ആയ ഏതൊരു വസ്തുവും യൂണിവേഴ്സിറ്റിയുടെ ഉത്തമമായ ആവശ്യത്തിനോ അല്ലെങ്കിൽ അതിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു കാര്യത്തിനോ വേണ്ടി സർക്കാരിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതി വാങ്ങിയതിനുശേഷം പാട്ടത്തിന് നൽകുന്നതിനോ വിൽക്കുന്നതിനോ മറ്റു വിധത്തിൽ കൈമാറ്റം ചെയ്യുന്നതിനോ സർക്കാരിൽ നിന്നോ കേന്ദ്രസർക്കാരിൽ നിന്നോ മറ്റേതെങ്കിലും സംസ്ഥാന സർക്കാരിൽ നിന്നോ നിയമപരമായി രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും ഏകാംഗീകൃത നികായത്തിൽ നിന്നോ പണം കടം വാങ്ങുന്നതിനും കരാറിലേർപ്പെടുന്നതിനും ഈ ആക്റ്റിലെ ആവശ്യങ്ങൾക്കായി വേണ്ടതായ മറ്റെല്ലാ കാര്യങ്ങളും ചെയ്യുന്നതിനും ക്ഷമത ഉണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) യൂണിവേഴ്സിറ്റിക്ക് വേണ്ടിയോ അതിന് എതിരായോ ഉള്ള എല്ലാ വ്യവഹാരങ്ങളിലെയും മറ്റ് നിയമ നടപടികളിലെയും വാദങ്ങളിൽ രജിസ്ട്രാറോ അദ്ദേഹം ഇതിലേക്കായി അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ ഒപ്പുവയ്ക്കേണ്ടതും സത്യബോധ്യപ്പെടുത്തേണ്ടതും അങ്ങനെയുള്ള വ്യവഹാരങ്ങളിലെയും നടപടികളിലെയും എല്ലാ പ്രോസസുകളും രജിസ്ട്രാർക്ക് നൽകേണ്ടതും നടത്തേണ്ടതുമാണ്.

(5) യൂണിവേഴ്സിറ്റിയും അതിന്റെ റീജിയണൽ കേന്ദ്രങ്ങളും പഠന കേന്ദ്രങ്ങളും അക്കാദമിക സ്ഥാപനങ്ങളും യൂണിവേഴ്സിറ്റിയുടെ കാമ്പസുകളായിരിക്കുന്നതാണ്.

(6) യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം കൊല്ലത്ത് ആയിരിക്കുന്നതാണ്.

(7) യൂണിവേഴ്സിറ്റി നടത്തുന്ന പഠന കോഴ്സുകൾ നേരിട്ടോ റീജിയണൽ കേന്ദ്രങ്ങളിലൂടെയോ പഠന കേന്ദ്രങ്ങളിലൂടെയോ അക്കാദമിക സ്ഥാപനങ്ങളിലൂടെയോ സ്റ്റാറ്റ്യൂട്ടുകൾ അല്ലെങ്കിൽ ഓർഡിനൻസുകൾ അല്ലെങ്കിൽ റഗുലേഷനുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അദ്ധ്യാപനം, പരിശീലനം, ഗവേഷണം, പരീക്ഷ, മൂല്യനിർണ്ണയം എന്നിവ നടത്തി യൂണിവേഴ്സിറ്റിയുടെ പേരിൽ സർട്ടിഫിക്കറ്റുകൾ, ഡിപ്ലോമകൾ, ബിരുദങ്ങൾ, ബിരുദാനന്തര ബിരുദങ്ങൾ, ഗവേഷണ ബിരുദങ്ങൾ, മറ്റു അക്കാദമിക ബഹുമതികൾ എന്നിവ നൽകേണ്ടതാണ്.

4. <u>ഭൂപ്രദേശ പരിധി</u>.— യൂണിവേഴ്സിറ്റിയുടെ ഭൂപ്രദേശ പരിധി സംസ്ഥാനം മുഴുവനും വ്യാപിച്ചിരിക്കുന്നതാണ്.

5. <u>യൂണിവേഴ്സിറ്റിയുടെ ലക്ഷ്യങ്ങൾ</u>.— യൂണിവേഴ്സിറ്റിയുടെ ലക്ഷ്യങ്ങൾ താഴെ പറയും പ്രകാരം ആയിരിക്കുന്നതാണ്, അതായത്:—

(i) സംസ്ഥാനത്തും ഇതര സംസ്ഥാനങ്ങളിലും അന്തർദേശീയ തലത്തിലുമുള്ള ഉന്നത വിദ്യാഭ്യാസ സമ്പ്രദായങ്ങളെ അടിസ്ഥാനമാക്കി വിവിധ പഠന കോഴ്സുകൾ തയ്യാറാക്കി വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിലൂടെ ആധുനിക സാങ്കേതികശാസ്ത്ര സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി പ്രായഭേദമേന്യേ ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതോ അല്ലാത്തതോ ആയ ആളുകൾക്ക് അവയിൽ ബോധനം നൽകുകയും പരീക്ഷയും മൂല്യനിർണ്ണയവും നടത്തിയും സർട്ടിഫിക്കറ്റ്, ഡിപ്ളോമ, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണ ബിരുദം അല്ലെങ്കിൽ മറ്റ് അക്കാദമിക ബഹുമതി എന്നിവ നൽകുകയും ചെയ്യുക;

(ii) പൊതു സമൂഹത്തിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക;

(iii) ആധുനിക സാങ്കേതികശാസ്ത്ര വിദ്യ ഉപയോഗിച്ച് ഓൺലൈൻ, വെബ്കാസ്റ്റിംഗ്, പോഡ്കാസ്റ്റിംഗ്, ബ്രോഡ്കാസ്റ്റിംഗ്, ടെലികാസ്റ്റിംഗ്, വീഡിയോ കോൺഫറൻസിങ് എന്നീ സമ്പ്രദായങ്ങളിലൂടെയും തപാൽ അല്ലെങ്കിൽ ഇ-മെയിൽ മുഖേനയുള്ള പഠന സാമഗ്രികൾ, സെമിനാറുകൾ, ചർച്ചകൾ, സമ്പർക്ക ക്ലാസുകൾ, വെബിനാറുകൾ എന്നിവയിലൂടെയും വിവിധ പഠന കോഴ്സുകൾക്ക് ബോധനം നൽകുക;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iv) സംസ്ഥാനത്ത് സാംസ്കാരിക പുരോഗതിക്കായി പൈതൃകത്തെ അടിസ്ഥാനപ്പെടുത്തി വിദ്യാഭ്യാസം, ഗവേഷണം, അദ്ധ്യാപക-വിദ്യാർത്ഥി പരിശീലനം എന്നിവയ്ക്ക് ആവശ്യമായ പ്രോൽസാഹനം നൽകുകയും ആയതിലേക്കായി,—

(എ) നിലവിലുള്ളതും ആധുനികമായ തൊഴിൽ അവസരങ്ങളുമായി ബന്ധപ്പെട്ട് വിവിധ കോഴ്സുകളിലേക്ക് പാഠ്യപദ്ധതി തയ്യാറാക്കുക;

(ബി) സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പ്രത്യേകിച്ചും ഉൾപ്രദേശങ്ങളിലും ഗ്രാമങ്ങളിലും ഉള്ള പാർശ്വവൽക്കരിക്കപ്പെട്ടതും പിന്നോക്കാവസ്ഥ യിൽപ്പെട്ടതുമായ വിവിധ വിഭാഗം ജനങ്ങൾക്കും മുഴുവൻ സമയം തൊഴിൽ എടുക്കുന്നവർക്കും അല്ലാത്തവർക്കും വീട്ടമ്മമാർക്കും മുതിർന്നവർക്കും വിവിധ മേഖലകളിലുള്ള വിഷയങ്ങളിൽ പഠനം നടത്തി അറിവ് നേടാനായി അവസരം ഒരുക്കുക;

(സി) എല്ലാ മേഖലകളിലും പഠനം പ്രോൽസാഹിപ്പിക്കുന്നതിന് നൂതനമായ സംവിധാനങ്ങളോടെയുള്ള പഠന രീതികൾ, പഠന കോഴ്സുകളുടെ സമന്വയം, പഠന കോഴ്സിലേക്കുള്ള പ്രവേശനത്തിനുള്ള യോഗ്യത, പ്രായം, ബോധനരീതി, പരീക്ഷാ നടത്തിപ്പ്, മൂല്യനിർണ്ണയം എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുക;

(ഡി) സംസ്ഥാനത്തെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ പുരോഗതിക്കായി യൂണിവേഴ്സിറ്റിയിൽ ലഭ്യമായിട്ടുള്ള പുസ്തകങ്ങൾ, പഠനോപാധികൾ, സോഫ്റ്റ്‌വെയറുകൾ എന്നിവ ഉപയോഗപ്പെടുത്തിയും ക്രെഡിറ്റ് ട്രാൻസ്ഫർ പ്രോൽസാഹിപ്പിച്ചും മറ്റ് സർവ്വകലാശാല അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തിയും ഔപചാരിക വിദ്യാഭ്യാസ രീതിക്ക് സമാനമായ അനൗപചാരിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(ഇ) വിവിധ കലകൾ, കൈത്തൊഴിലുകൾ, നൈപുണ്യങ്ങൾ എന്നിവയിൽ ബോധനവും പരിശീലനവും നൽകുന്നതിന് അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുക;

(എഫ്) പ്രകൃതി വിഭവങ്ങൾ, പരിസ്ഥിതി, ശാസ്ത്രം, സംസ്കാരം, പൈതൃകം, ഭാഷ, സാഹിത്യം, രാഷ്ട്രീയം തുടങ്ങിയവയുമായി ബന്ധപ്പെട്ട് പഠനങ്ങളും ഗവേഷണങ്ങളും നടത്തുക;

(ജി) സംയോജിത വ്യക്തിത്വ വികസനത്തിനായി വിവിധ നയങ്ങൾ രൂപീകരിക്കുക;

(എച്ച്) വിദ്യാഭ്യാസ മേഖലയിൽ വിജ്ഞാന വിനിമയത്തിനായി ദേശീയ-അന്തർദേശീയ യൂണിവേഴ്സിറ്റികൾ, ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സ്വയം സഹായ ഗ്രൂപ്പുകൾ, സർക്കാരിതര സംഘടനകൾ ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധങ്ങൾ സ്ഥാപിക്കുക;

(v) രാജ്യത്തിനകത്ത് നിയമം മൂലം സ്ഥാപിക്കപ്പെട്ട ഏതൊരു യൂണിവേഴ്സിറ്റിയിലെയും ഒരു പഠന കോഴ്സിനായി രജിസ്റ്റർ ചെയ്യുകയും അങ്ങനെയുള്ള പഠന കോഴ്സ് പൂർത്തിയാക്കാൻ ഒരു വിദ്യാർത്ഥിക്ക് കഴിയാതെയും വരുന്ന പക്ഷം അങ്ങനെയുള്ള വിദ്യാർത്ഥിക്ക് ഈ ആക്റ്റിലെയോ അതിൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ വ്യവസ്ഥകൾക്ക് വിധേയമായി പ്രവേശനം നൽകി തുടർ പഠനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.

6. യൂണിവേഴ്സിറ്റിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും.— യൂണിവേഴ്സിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) അടിസ്ഥാന ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, ഭാഷ, കല, സംസ്കാരം, രാഷ്ട്രീയം, ആരോഗ്യം, തൊഴിൽ, കൃഷി, വ്യവസായം, വിനോദസഞ്ചാരം, നിയമം, പരിസ്ഥിതി എന്നീ വിഷയങ്ങളിൽ ബോധനം നൽകുന്നതിനും ഗവേഷണം നടത്തുന്നതിനും ഉള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക;

(ii) വിവിധ പഠന കോഴ്സുകളിൽ പരീക്ഷയും മൂല്യ നിർണ്ണയവും നടത്തുകയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സർട്ടിഫിക്കറ്റുകൾ, ഡിപ്ലോമകൾ, ബിരുദങ്ങൾ, ബിരുദാനന്തര ബിരുദങ്ങൾ, ഗവേഷണ ബിരുദങ്ങൾ, മറ്റ് അക്കാദമിക ബഹുമതികൾ എന്നിവ നൽകുകയും ചെയ്യുക;

(iii) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ബഹുമാനാർത്ഥമായ ബിരുദങ്ങളും മറ്റ് അക്കാദമിക ബഹുമതികളും നൽകുക;

(iv) ബാധിക്കപ്പെടുന്ന ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയതിന് ശേഷം, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്ക് കീഴിൽ സർട്ടിഫിക്കറ്റോ ഡിപ്ലോമയോ ബിരുദമോ ബിരുദാനന്തര ബിരുദമോ ഗവേഷണ ബിരുദമോ ബഹുമാനാർത്ഥമായ ബിരുദമോ മറ്റ് അക്കാദമിക ബഹുമതിയോ തടഞ്ഞു വയ്ക്കുകയോ പിൻവലിക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(v) യൂണിവേഴ്സിറ്റിയുടെ അക്കാദമിക പരിപാടികളുമായി ബന്ധപ്പെട്ട് വിദൂര വിദ്യാഭ്യാസത്തിനുള്ള രീതി നിശ്ചയിക്കുക;

(vi) യൂണിവേഴ്സിറ്റിയുടെ അക്കാദമിക ആവശ്യങ്ങൾക്കായി പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ, മറ്റ് അക്കാദമിക സ്ഥാനങ്ങൾ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നൽകുകയും ചെയ്യുക;

(vii) യൂണിവേഴ്സിറ്റി നടത്തുന്ന വിവിധ പഠന കോഴ്സുകളിലേക്ക് വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള യോഗ്യതകളും വ്യവസ്ഥകളും നിശ്ചയിക്കുകയും പരീക്ഷ, മൂല്യനിർണ്ണയം എന്നിവ നടത്തുകയും ചെയ്യുക;

(viii) മെറിറ്റിന്റെ അംഗീകാരമായി ഫെലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, പ്രൈസുകൾ, മറ്റ് അവാർഡുകൾ എന്നിവ ഏർപ്പെടുത്തുകയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അവ നൽകുകയും ചെയ്യുക;

(ix) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം റീജിയണൽ കേന്ദ്രങ്ങളും പഠന കേന്ദ്രങ്ങളും അക്കാദമിക സ്ഥാപനങ്ങളും സ്ഥാപിക്കുകയോ നിലനിർത്തുകയോ നിർത്തലാക്കുകയോ ചെയ്യുക;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(x) ആധുനിക സാങ്കേതികശാസ്ത്ര സംവിധാനങ്ങൾ മുഖാന്തിരം പഠന കോഴ്സുകളുടെ ബോധനത്തിനാവശ്യമായ പഠനോപാധികൾ ഏർപ്പെടുത്തുക;

(xi) അദ്ധ്യാപകർ, ചോദ്യപേപ്പർ തയ്യാറാക്കുന്നവർ, മൂല്യനിർണ്ണയം നടത്തുന്നവർ, മറ്റ് അക്കാദമിക അംഗങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്ക് വേണ്ടിയുള്ള റിഫ്രഷർ കോഴ്സ്, ഓറിയന്റേഷൻ ക്ലാസ്, വർക്ക്ഷോപ്പ്, സെമിനാർ, ചർച്ച എന്നിവ സംഘടിപ്പിക്കുകയും നടത്തുകയും ചെയ്യുക;

(xii) യൂണിവേഴ്സിറ്റിയിലും റീജിയണൽ കേന്ദ്രങ്ങളിലും പഠന കേന്ദ്രങ്ങളിലും വിവിധ കാറ്റഗറിയിലുള്ള തസ്തികകൾ സൃഷ്ടിക്കുകയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം അങ്ങനെയുള്ള തസ്തികകൾക്ക് ശമ്പള സ്കെയിൽ, യോഗ്യത, നിയമനരീതി എന്നിവ നിശ്ചയിക്കുകയും അങ്ങനെയുള്ള തസ്തികകളിലേക്ക് നിയമനം നടത്തുകയും ചെയ്യുക;

(xiii) വിവിധ വിഷയങ്ങളിൽ ഗവേഷണത്തിനായുള്ള വ്യവസ്ഥ ചെയ്യുക;

(xiv) രാജ്യത്തിന് അകത്തും പുറത്തുമുള്ള മറ്റ് യൂണിവേഴ്സിറ്റികളോ അക്കാദമിക സ്ഥാപനങ്ങളോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ നടത്തിയ പരീക്ഷകളോ പഠന കോഴ്സുകളോ ഈ യൂണിവേഴ്സിറ്റി നടത്തിയ പരീക്ഷകൾക്കോ പഠന കോഴ്സുകൾക്കോ തുല്യമായി അംഗീകരിക്കുകയോ നൽകിയ അംഗീകാരം പിൻവലിക്കുകയോ ചെയ്യുക;

(xv) രാജ്യത്തിന് അകത്തും പുറത്തുമുള്ള മറ്റ് യൂണിവേഴ്സിറ്റികളോ അക്കാദമിക സ്ഥാപനങ്ങളോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ നൽകിയ സർട്ടിഫിക്കറ്റോ ഡിപ്ളോമയോ ബിരുദമോ ബിരുദാനന്തര ബിരുദമോ മറ്റ് അക്കാദമിക ബഹുമതിയോ ഈ യൂണിവേഴ്സിറ്റി നടത്തുന്ന പഠനകോഴ്സുകളിലേക്ക് പര്യാപ്തമാണോ എന്നത് തീരുമാനിക്കുക;

(xvi) ക്രയം, ഗ്രാൻറ്, മരണപത്രം, ദാനം, സംഭാവന എന്നിവ പ്രകാരമോ മറ്റ് വിധത്തിലോ യൂണിവേഴ്സിറ്റിയുടെ ആവശ്യങ്ങൾക്കായി അതിൽ നിക്ഷിപ്തമായേക്കാവുന്ന സ്ഥാവരമോ ജംഗമമോ ആയ ഏതെങ്കിലും വസ്തുവകകൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും യൂണിവേഴ്സിറ്റിയുടെ വകയായ എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ വസ്തുവകകൾ യൂണിവേഴ്സിറ്റിയുടെ ഉത്തമമായ ആവശ്യങ്ങൾക്കു വേണ്ടി മാത്രം തീറുകൊടുക്കുകയോ അന്യാധീനപ്പെടുത്തുകയോ മറ്റു വിധത്തിൽ കൈയൊഴിയുകയോ ചെയ്യുകയും ഒരു ഏകാംഗീകൃത നികായത്തിന് ആനുഷംഗികമോ ബന്ധപ്പെട്ടതോ ആയ മറ്റെല്ലാ പ്രവൃത്തികളും ചെയ്യുകയും ചെയ്യുക;

(xvii) ഒരു വിദേശ രാജ്യം, വിദേശ ഫൗണ്ടേഷൻ അല്ലെങ്കിൽ അങ്ങനെയുള്ള രാജ്യത്തെയോ ഫൗണ്ടേഷനിലെയോ ഏതെങ്കിലും വ്യക്തിയിൽ നിന്നുള്ള ഏതൊരു സംഭാവനയും കേന്ദ്ര സർക്കാരിന്റെയും സർക്കാരിന്റെയും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മാത്രമേ യൂണിവേഴ്സിറ്റി സ്വീകരിക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, ഗ്രാന്റായോ മരണപത്രപ്രകാരമുള്ള വിനിയോഗത്താലോ മറ്റു വിധത്തിലോ യൂണിവേഴ്സിറ്റിയുടെ ആവശ്യങ്ങൾക്കായി, അതിൽ നിക്ഷിപ്തമായേക്കാവുന്ന ഏതൊരു ദാനസ്വത്തുക്കളോ സംഭാവനകളോ ഫണ്ടുകളോ സ്വീകരിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈകാര്യം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെയ്യുന്നതിനും അങ്ങനെയുള്ള ദാനസ്വത്തുക്കളോ സംഭാവനകളോ ഫണ്ടുകളോ യൂണിവേഴ്സിറ്റി ഉചിതമെന്ന് കരുതുന്ന ഏതു വിധത്തിലും നിക്ഷേപിക്കുകയും അങ്ങനെയുള്ള നിധിയിൽ നിന്നും സ്കോളർഷിപ്പുകൾ, മെഡലുകൾ എന്നിവ ഏർപ്പെടുത്തുകയും ചെയ്യുക;

(xviii) യൂണിവേഴ്സിറ്റിയുടെ ആവശ്യങ്ങൾക്കായി യൂണിവേഴ്സിറ്റിയുടെ സ്ഥാവരമോ ജംഗമമോ ആയ വസ്തുവകകളുടെ ഈടിൻമേലോ അല്ലാതെയോ സർക്കാരിന്റെ അനുമതിയോടുകൂടി പണം കടം വാങ്ങുക;

(xix) കരാറിൽ ഏർപ്പെടുകയോ കരാർ നടപ്പിലാക്കുകയോ മാറ്റം വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുക;

(xx) യൂണിവേഴ്സിറ്റിക്ക് നൽകേണ്ടതായ ഫീസും മറ്റ് തുകകളും ഓർഡിനൻസുകളാൽ നിർണ്ണയിക്കുക;

(xxi) അദ്ധ്യാപകർ, ജീവനക്കാർ, വിദ്യാർത്ഥികൾ എന്നിവരുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുകയും അവരുടെ ക്ഷേമവും അച്ചടക്കവും ആരോഗ്യവും ഉറപ്പാക്കുകയും ചെയ്യുക;

(xxii) യൂണിവേഴ്സിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന അങ്ങനെയുള്ള ആവശ്യങ്ങൾക്കായി ഉന്നത വിദ്യാഭ്യാസം പ്രദാനം ചെയ്യുന്ന ഏതെങ്കിലും സ്ഥാപനത്തെ അംഗീകരിക്കുകയോ അംഗീകാരം പിൻവലിക്കുകയോ ചെയ്യുക;

(xxiii) യൂണിവേഴ്സിറ്റിയുടെ ലക്ഷ്യങ്ങൾ നേടുന്നതിലേക്ക് ആവശ്യമായേക്കാവുന്ന വിസിറ്റിംഗ് പ്രൊഫസർ, എമെരിറ്റസ് പ്രൊഫസർ, കൺസൾട്ടന്റ്സ്, ഫെലോ, സ്കോളർ, ആർട്ടിസ്റ്റ്, കോഴ്സ് റൈറ്റർ, കോഴ്സ് കോ-ഓർഡിനേറ്റർ എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുക;

(xxiv) ഓർഡിനൻസുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം മറ്റു യൂണിവേഴ്സിറ്റികൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ സേവനത്തിലുള്ളവരെ ഈ യൂണിവേഴ്സിറ്റിയുടെ പഠന സ്കൂളിലെ അദ്ധ്യാപകനായോ മേധാവിയായോ അംഗീകരിക്കുക;

(xxv) ബോധനത്തിനും ഗവേഷണത്തിനും വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക;

(xxvi) വൈസ്-ചാൻസലർ ഒഴികെയുള്ള യൂണിവേഴ്സിറ്റിയുടെ ഉദ്യോഗസ്ഥരുടെ അധികാരങ്ങളും കർത്തവ്യങ്ങളും വ്യവസ്ഥ ചെയ്യുക;

(xxvii) വിദ്യാർത്ഥികൾക്കായി കലാ-കായിക മേളകൾ സംഘടിപ്പിക്കുക;

(xxviii) സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ എന്നിവ ഉണ്ടാക്കുകയും അവ ഭേദഗതി ചെയ്യുകയോ മാറ്റം വരുത്തുകയോ റദ്ദ് ചെയ്യുകയോ ചെയ്യുകയും ചെയ്യുക;

(xxix) പൊതുവായി ഈ ആക്റ്റിന്റെ ലക്ഷ്യങ്ങളും ആവശ്യങ്ങളും കൈവരിക്കുന്നതിലേക്കായി ആവശ്യമാകുന്ന അങ്ങനെയുള്ള മറ്റ് പ്രവൃത്തികൾ ചെയ്യുക.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. <u>യൂണിവേഴ്സിറ്റിയിൽ എല്ലാ വർഗ്ഗക്കാർക്കും മതക്കാർക്കും പ്രവേശനമുണ്ടെന്ന്</u>.—(1) യാതൊരാളെയും മതത്തിന്റെയോ വർഗ്ഗത്തിന്റെയോ ജാതിയുടെയോ ലിംഗത്തിന്റെയോ വംശത്തിന്റെയോ ജനന സ്ഥലത്തിന്റെയോ പാർപ്പിടത്തിന്റെയോ ഭാഷയുടെയോ രാഷ്ട്രീയാഭിപ്രായത്തിന്റെയോ ഇവയോ അല്ലെങ്കിൽ ഇവയിൽ ഏതിന്റെയെങ്കിലുമോ അടിസ്ഥാനത്തിൽ മാത്രം യൂണിവേഴ്സിറ്റിക്കും അതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കും കീഴിലുള്ള ഏതെങ്കിലും ജോലിയോ ഉദ്യോഗമോ അല്ലെങ്കിൽ യൂണിവേഴ്സിറ്റിയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിലെയോ നികായത്തിലെയോ അംഗത്വം സംബന്ധിച്ചോ അല്ലെങ്കിൽ യൂണിവേഴ്സിറ്റിയിലെ ഏതെങ്കിലും പഠനത്തിനോ ഉള്ള പ്രവേശനം സംബന്ധിച്ചോ അയോഗ്യനാക്കുകയോ അല്ലെങ്കിൽ അയാൾക്കെതിരായി വിവേചനം കാണിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സ്ത്രീകൾക്കോ പാർശ്വവൽക്കരിക്കപ്പെട്ടവർക്കോ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവർക്കോ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവർക്കോ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കോ ഭിന്നശേഷിക്കാർക്കോ വേണ്ടി നിയമനം, അംഗത്വം അല്ലെങ്കിൽ പ്രവേശനത്തിനായി പ്രത്യേക വ്യവസ്ഥകൾ യൂണിവേഴ്സിറ്റിക്ക് ഉണ്ടാക്കാവുന്നതാണ്.

<u>അദ്ധ്യായം 3</u>

## ചാൻസലറും പ്രോ-ചാൻസലറും യൂണിവേഴ്സിറ്റിയിലെ ഉദ്യോഗസ്ഥരും

8. <u>ചാൻസലർ</u>.—(1) കേരള ഗവർണ്ണർ, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി, യൂണിവേഴ്സിറ്റിയുടെ ചാൻസലറായിരിക്കുന്നതാണ്.

(2) ചാൻസലർ യൂണിവേഴ്സിറ്റിയുടെ സെനറ്റിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്.

(3) ചാൻസലർ യൂണിവേഴ്സിറ്റിയുടെ തലവനായിരിക്കുന്നതും, സന്നിഹിതനായിരിക്കുമ്പോൾ യൂണിവേഴ്സിറ്റിയുടെ ബിരുദദാന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(4) യൂണിവേഴ്സിറ്റിയുടെ ഏതൊരു അധികാരസ്ഥാനത്തിന്റെയും ഏതെങ്കിലും പ്രമേയമോ ഉത്തരവോ നടപടികളോ ആയത് ചാൻസലറുടെ അഭിപ്രായത്തിൽ ഈ ആക്റ്റിനോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ സ്റ്റാറ്റ്യൂട്ടുകൾക്കോ ഓർഡിനൻസുകൾക്കോ റഗുലേഷനുകൾക്കോ അനുരൂപ മല്ലാത്തതോ യൂണിവേഴ്സിറ്റിയുടെ താല്പര്യങ്ങൾക്ക് വിരുദ്ധമായതോ ആണെങ്കിൽ ചാൻസലർ വൈസ്-ചാൻസലറിൽ നിന്ന് രേഖാമൂലമുള്ള റിപ്പോർട്ട് വാങ്ങിയശേഷം അങ്ങനെയുള്ള പ്രമേയമോ ഉത്തരവോ നടപടികളോ, അതതുസംഗതിപോലെ, സസ്പെന്റ് ചെയ്യുകയോ രൂപഭേദപ്പെടുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് ചാൻസലർ യൂണിവേഴ്സിറ്റിയോട് അങ്ങനെയുള്ള ഒരു ഉത്തരവ് എന്തുകൊണ്ട് പുറപ്പെടുവിച്ചുകൂടാ എന്നതിനുള്ള കാരണം നിശ്ചിത കാലയളവിനുള്ളിൽ കാണിക്കാൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആവശ്യപ്പെടേണ്ടതും ഏതെങ്കിലും കാരണം കാണിക്കുകയാണെങ്കിൽ ചാൻസലർ അത് പരിഗണിക്കേണ്ടതും അങ്ങനെയുള്ള വിഷയത്തിൽ സ്വീകരിക്കേണ്ട നടപടി തീരുമാനിക്കേണ്ടതും അങ്ങനെയുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(5) ബഹുമാനാർത്ഥമായ ബിരുദം നൽകുന്നതിനുള്ള ഏതൊരു നിർദ്ദേശവും ചാൻസലറുടെ സ്ഥിരീകരണത്തിന് വിധേയമായിരിക്കുന്നതാണ്.

(6) യൂണിവേഴ്സിറ്റിയിലെ ഏതെങ്കിലും സ്ഥിരം തസ്തികയിൽ സേവന ത്തിലുള്ള ഒരാളെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് വൈസ്-ചാൻസലറോ ഏതെങ്കിലും അധികാരസ്ഥാനമോ പാസ്സാക്കുന്ന ഒരു ഉത്തരവിനെതിരെ ചാൻസലർക്ക് അപ്പീൽ നൽകാവുന്നതാണ്.

(7) (6)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീൽ, അങ്ങനെയുള്ള പിരിച്ചുവിടൽ ഉത്തരവ് ലഭിച്ച തീയതി മുതൽ അറുപത് ദിവസത്തിനകം നൽകേണ്ടതാണ്.

(8) ചാൻസലർക്ക് (6)-ാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീലിന്മേൽ ഒരു ഉത്തരവ് പാസ്സാക്കുന്നതിന് മുമ്പ് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള ഉപദേശം തേടാവുന്നതാണ്.

(9) യൂണിവേഴ്സിറ്റി ഫണ്ടിന്റെ ദുർവിനിയോഗം, പെരുമാറ്റദൂഷ്യം, ദുർഭരണം, എന്നിവയിന്മേൽ ചാൻസലർക്ക് ബോധ്യമാവുന്നപക്ഷം രേഖാമൂലമായ ഒരു ഉത്തരവ് വഴി, വൈസ്-ചാൻസലറെയോ പ്രോ-വൈസ്-ചാൻസലറെയോ, അതതുസംഗതിപോലെ, ഔദ്യോഗിക സ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് ചാൻസലർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, ചാൻസലർ ഈ ആവശ്യത്തിന് നിയമിക്കുന്ന സുപ്രീംകോടതിയിലെയോ ഹൈക്കോടതിയിലെയോ ഒരു ജഡ്ജി ആയിരിക്കുന്ന ആളോ അല്ലെങ്കിൽ ജഡ്ജി ആയിരുന്ന ആളോ നടത്തുന്ന ഒരു അന്വേഷണ വിചാരണ വഴി അങ്ങനെയുള്ള കുറ്റാരോപണം തെളിയിക്കേണ്ടതാണ്:

എന്നുമാത്രമല്ല, തനിക്കെതിരായി എടുക്കാൻ ഉദ്ദേശിക്കുന്ന നടപടിക്കെതിരായി കാരണം കാണിക്കാൻ അദ്ദേഹത്തിന് ന്യായമായ ഒരു അവസരം നൽകാത്തപക്ഷം ഈ വകുപ്പിൻകീഴിൽ വൈസ്- ചാൻസലറെയോ പ്രോ-വൈസ്-ചാൻസലറെയോ, അതതുസംഗതിപോലെ, നീക്കം ചെയ്യുവാൻ പാടുള്ളതല്ല.

9. <u>പ്രോ-ചാൻസലർ</u>.—(1) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള മന്ത്രി, അദ്ദേഹത്തിന്റെ ഔദ്യോഗിക സ്ഥാനം ഹേതുവായി യൂണിവേഴ്സിറ്റിയുടെ പ്രോ-ചാൻസലർ ആയിരിക്കുന്നതാണ്.

(2) ചാൻസലറുടെ അഭാവത്തിലോ അദ്ദേഹത്തിന് പ്രവർത്തിക്കാൻ കഴിയാത്ത അവസരത്തിലോ, പ്രോ-ചാൻസലർ, ചാൻസലറുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കേണ്ടതും എല്ലാ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

(3) ചാൻസലർ രേഖാമൂലമുള്ള ഉത്തരവിലൂടെ പ്രോ-ചാൻസലർക്ക് ഏൽപ്പിച്ചുകൊടുക്കുന്ന ചാൻസലറുടെ അങ്ങനെയുള്ള അധികാരങ്ങൾ കൂടി പ്രോ-ചാൻസലർ വിനിയോഗിക്കേണ്ടതും കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും അപ്രകാരമുള്ള ഏൽപ്പിച്ചു കൊടുക്കൽ അങ്ങനെയുള്ള ഉത്തരവിൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള നിയന്ത്രണങ്ങൾക്കും ഉപാധികൾക്കും വിധേയമായിരിക്കാവുന്നതുമാണ്.

10. യൂണിവേഴ്സിറ്റിയുടെ ഉദ്യോഗസ്ഥർ.—താഴെ പറയുന്നവർ യൂണിവേഴ്സിറ്റിയുടെ ഉദ്യോഗസ്ഥർ ആയിരിക്കുന്നതാണ്, അതായത്:—

(i) വൈസ്-ചാൻസലർ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) രജിസ്ട്രാർ;

(iv) ഫൈനാൻസ് ഓഫീസർ;

(v) പരീക്ഷാ കൺട്രോളർ;

(vi) സൈബർ കൺട്രോളർ;

(vii) പഠന സ്കൂൾ മേധാവി;

(viii) റീജിയണൽ കേന്ദ്രങ്ങളുടെ ഡയറക്ടർ;

(ix) യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥരായി സ്റ്റാറ്റ്യൂട്ടുകൾ മൂലം പ്രഖ്യാപിക്കപ്പെടുന്ന, യൂണിവേഴ്സിറ്റിയുടെ സർവ്വീസിലുള്ള അങ്ങനെയുള്ള മറ്റാളുകൾ.

11. വൈസ്-ചാൻസലർ.—(1) വൈസ്-ചാൻസലർ യൂണിവേഴ്സിറ്റിയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.

(2) പ്രഥമ വൈസ്-ചാൻസലറെ സർക്കാരിന്റെ ശിപാർശയിന്മേൽ ചാൻസലർ നിയമിക്കേണ്ടതും അതിനുശേഷം വൈസ്-ചാൻസലറെ താഴെ പറയുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു അന്വേഷണ സമിതി ഐക്യകണ്ഠേന ശിപാർശ ചെയ്യുന്നതോ അല്ലെങ്കിൽ ഭൂരിപക്ഷ അംഗങ്ങൾ ശിപാർശ ചെയ്യുന്നതോ ആയ ഒരാളെ വൈസ്-ചാൻസലറായി ചാൻസലർ നിയമിക്കേണ്ടതുമാണ്, അതായത്:—

(i) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ—കൺവീനർ;

(ii) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഒരു പ്രതിനിധി;

(iii) യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനമോ ഉദ്യോഗസ്ഥനോ അദ്ധ്യാപകനോ ജീവനക്കാരനോ അല്ലാത്ത സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ:

എന്നാൽ, അന്വേഷണ സമിതിക്ക് ഒരാളെ ശിപാർശ ചെയ്യാൻ കഴിയാതെ വരുന്നിടത്ത് ഓരോ അംഗവും നൽകുന്ന ഒരാൾ വീതം അടങ്ങിയ പട്ടികയിലെ പേരുകളിൽ നിന്നും ഒരാളെ, വൈസ്-ചാൻസലർ ആയി ചാൻസലർ നിയമിക്കേണ്ടതാണ്.

(3) വൈസ്-ചാൻസലറുടെ ഒഴിവ് ഉണ്ടാകുന്നതിന് സാദ്ധ്യതയുള്ള തീയതിക്ക് കുറഞ്ഞത് മൂന്നു മാസം മുൻപെങ്കിലും അങ്ങനെയുള്ള പട്ടിക തയ്യാറാക്കുന്നതിനോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ശിപാർശ നൽകുന്നതിനോ ഉള്ള നടപടി തുടങ്ങിയിരിക്കേണ്ടതും ചാൻസലർ നിശ്ചയിക്കുന്ന സമയപരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്:

എന്നാൽ, ചാൻസലർക്ക് ആവശ്യമെന്നു കരുതുന്നപക്ഷം അങ്ങനെയുള്ള സമയപരിധി നീട്ടാവുന്നതും അങ്ങനെ നീട്ടിയ കാലയളവ് ഉൾപ്പെടെ നാല് മാസത്തിനകം പട്ടിക തയ്യാറാക്കുന്നതിനോ ശിപാർശ നൽകുന്നതിനോ ഉള്ള നടപടി പൂർത്തിയാക്കേണ്ടതുമാണ്.

(4) വൈസ്-ചാൻസലർ യൂണിവേഴ്സിറ്റിയുടെ പ്രധാന അക്കാദമിക ഓഫീസർ ആയിരിക്കുന്നതും നിയമന സമയത്ത് അറുപത് വയസ്സ് പൂർത്തിയാക്കാൻ പാടില്ലാത്തതുമാണ്.

(5) വൈസ്-ചാൻസലർ, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലുവർഷക്കാലം ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതും ഒരു തവണ കൂടി പുനർ നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.

(6) താഴെപ്പറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിൽ വൈസ്- ചാൻസലറുടെ ഒഴിവ് വരുന്നപക്ഷം, സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റേതെങ്കിലും യൂണിവേഴ്സിറ്റിയുടെ വൈസ്-ചാൻസലറെയോ ഈ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറെയോ ആറു മാസത്തിൽ കവിയാത്ത കാലയളവിലേക്ക്, വൈസ്-ചാൻസലറായി ചാൻസലർക്ക് നിയമിക്കാവുന്നതാണ്, അതായത്:—

(i) (2)-ാം ഉപവകുപ്പിൻ കീഴിൽ നിയമിച്ച അന്വേഷണ സമിതിക്ക് ചാൻസലർ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ ഏതെങ്കിലും പേര് ശിപാർശ ചെയ്യാൻ കഴിയാതെ വരുന്നിടത്ത്;

(ii) മരണം, രാജി അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്ത് ഒഴിവുണ്ടാകുകയും (2), (3) എന്നീ ഉപവകുപ്പുകളിലെ വ്യവസ്ഥകൾ പ്രകാരം സൗകര്യപ്രദമായും സത്വരമായും അത് നികത്താൻ കഴിയാതിരിക്കുകയും ചെയ്യുന്നിടത്ത്;

(iii) അവധി, അസുഖം അല്ലെങ്കിൽ മറ്റേതെങ്കിലും കാരണങ്ങളാൽ വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്ത് താൽക്കാലികമായ ഒഴിവുണ്ടാകുന്നിടത്ത്;

(iv) വൈസ്-ചാൻസലറുടെ ഔദ്യോഗിക കാലാവധി അവസാനിക്കുന്നിടത്ത്;

(v) മറ്റെന്തെങ്കിലും അടിയന്തരഘട്ടം ഉണ്ടാകുന്നിടത്ത്:

എന്നാൽ, അങ്ങനെ നിയമിക്കപ്പെട്ട ആൾ, വൈസ്-ചാൻസലർ ഔദ്യോഗിക സ്ഥാനത്ത് തിരികെ പ്രവേശിക്കുന്ന തീയതിയിൽ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്നത് അവസാനിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(7) വൈസ്-ചാൻസലർക്ക് നൽകേണ്ടുന്ന ശമ്പളവും മറ്റു സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(8) സർക്കാർ അതതുസമയങ്ങളിൽ അംഗീകരിക്കുന്നതോ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെട്ടതോ ആയ അങ്ങനെയുള്ള അതിവ്യയബത്ത വൈസ്-ചാൻസലർക്ക് ചെലവഴിക്കുന്നതിനായി നൽകേണ്ടതാണ്.

(9) വൈസ്-ചാൻസലർക്ക്, സ്വന്തം കൈപ്പടയിൽ എഴുതി ചാൻസലറെ അഭിസംബോധന ചെയ്തുകൊണ്ട്, ഒരു മാസത്തെ അറിയിപ്പ് ചാൻസലർക്ക് നൽകിയതിനുശേഷം, അയാളുടെ ഔദ്യോഗിക സ്ഥാനം രാജിവയ്ക്കാവുന്നതും, ചാൻസലർ രാജി സ്വീകരിക്കുന്നതോടെയോ അല്ലെങ്കിൽ പ്രസ്തുത അറിയിപ്പ് കാലാവധി തീരുന്ന തീയതിയിലോ, ഏതാണോ ആദ്യം വരുന്നത്, അന്ന് ഔദ്യോഗിക സ്ഥാനം അവസാനിക്കുന്നതുമാണ്.

12. <u>വൈസ്-ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—(1) വൈസ്-ചാൻസലർ യൂണിവേഴ്സിറ്റിയുടെ മുഖ്യ ഭരണ നിർവ്വാഹകനും പ്രധാന അക്കാദമിക ഓഫീസറും ആയിരിക്കുന്നതും യൂണിവേഴ്സിറ്റിയുടെ മേൽനോട്ടവും നിയന്ത്രണവും ഉണ്ടായിരിക്കുന്നതും യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനങ്ങളുടെയും നികായങ്ങളുടെയും വിവിധ കൗൺസിലുകളുടെയും തീരുമാനങ്ങൾക്ക് പ്രാബല്യം നൽകേണ്ടതുമാണ്.

(2) വൈസ്-ചാൻസലർ യൂണിവേഴ്സിറ്റിയുടെ സെനറ്റിന്റെ എക്സ്-ഒഫീഷ്യോ മെമ്പർ സെക്രട്ടറിയും, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ, ഫൈനാൻസ് കൗൺസിൽ, സൈബർ കൗൺസിൽ എന്നിവയുടെ എക്സ്-ഒഫീഷ്യോ ചെയർമാനും ആയിരിക്കുന്നതാണ്.

(3) വൈസ്-ചാൻസലർക്ക് ഏതെങ്കിലും അധികാരസ്ഥാനങ്ങളുടെയോ നികായങ്ങളുടെയോ വിവിധ കൗൺസിലുകളുടെയോ യോഗങ്ങൾ, അങ്ങനെ യോഗം ചേരേണ്ടത് ആവശ്യമാണെന്ന് അദ്ദേഹം കരുതുമ്പോഴെല്ലാം, വിളിച്ചുകൂട്ടുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(4) യൂണിവേഴ്സിറ്റിയുടെ നടപടികൾ ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി നടപ്പിലാക്കപ്പെടുന്നുണ്ടെന്നും അധികാര സ്ഥാനങ്ങളുടെയും നികായങ്ങളുടെയും വിവിധ കൗൺസിലുകളുടെയും തീരുമാനങ്ങളോ നടപടികളോ ഈ ആക്റ്റിലോ അതിൻകീഴിൽ പുറപ്പെടുവിച്ച സ്റ്റാറ്റ്യൂട്ടുകൾക്കോ ഓർഡിനൻസുകൾക്കോ റഗുലേഷനുകൾക്കോ വിരുദ്ധമല്ലെന്നും ഉറപ്പാക്കേണ്ടതും വൈസ്-ചാൻസലറുടെ കർത്തവ്യമായിരിക്കുന്നതാണ്.

(5) സത്വര നടപടി എടുക്കേണ്ട ഒരു അടിയന്തര ആവശ്യം ഉണ്ടെന്ന് വിശ്വസിക്കുന്നതിന് വൈസ്-ചാൻസലർക്ക് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ, ആവശ്യമാണെന്ന് അദ്ദേഹം കരുതുന്ന അങ്ങനെയുള്ള നടപടി അദ്ദേഹം സ്വീകരിക്കേണ്ടതും കഴിയുന്നത്ര വേഗം അടിയന്തര ആവശ്യത്തിനുള്ള കാരണവും അദ്ദേഹം സ്വീകരിച്ച നടപടികളും സാധാരണഗതിയിൽ ആ വിഷയം കൈകാര്യം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ചെയ്യുമായിരുന്ന അങ്ങനെയുള്ള അധികാരസ്ഥാനത്തിനോ നികായത്തിനോ വിവിധ കൗൺസിലുകൾക്കോ അതിന്റെ അടുത്ത യോഗത്തിൽ തീരുമാനത്തിനായി രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(6) സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ യൂണിവേഴ്സിറ്റി അദ്ധ്യാപകരെയും ജീവനക്കാരെയും വൈസ്-ചാൻസലർ നിയമിക്കേണ്ടതാണ്:

എന്നാൽ, സിൻഡിക്കേറ്റിന്റെ അംഗീകാരത്തിന് വിധേയമായി ഏതൊരു തസ്തികയിലേക്കും താൽക്കാലിക നിയമനം നടത്താൻ വൈസ്-ചാൻസലർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(7) യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും അച്ചടക്ക അധികാരി വൈസ്-ചാൻസലർ ആയിരിക്കുന്നതാണ്.

(8) സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിശ്ചയിക്കുന്ന പരിധിക്ക് വിധേയമായി, ചെലവ് ചെയ്യുന്നതിനുള്ള സാമ്പത്തിക അധികാരം വൈസ്-ചാൻസലർക്ക് ഉണ്ടായിരിക്കുന്നതാണ്.

(9) യൂണിവേഴ്സിറ്റിയിലെ അധികാരസ്ഥാനങ്ങളുടെയോ നികായങ്ങളുടെയോ വിവിധ കൗൺസിലുകളുടെയോ ചെയർപേഴ്സൺ എന്ന നിലയിൽ അധികാര സ്ഥാനത്തിന്റെയോ നികായത്തിന്റെയോ വിവിധ കൗൺസിലുകളുടെയോ യോഗത്തിൽ നിന്നും ഒരംഗത്തെ, നടപടികൾ തടസ്സപ്പെടുത്തിയതിനോ സ്തംഭിപ്പിച്ചതിനോ അംഗത്തിൽ നിന്നുമുണ്ടാകാൻ പാടില്ലാത്ത പെരുമാറ്റദൂഷ്യത്തിൽ ഉൾപ്പെട്ടതിനോ, സിൻഡിക്കേറ്റിന്റെ അംഗീകാരത്തിന് വിധേയമായി, സസ്പെൻഡ് ചെയ്യുന്നതിന് വൈസ്-ചാൻസലർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(10) സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, വൈസ്-ചാൻസലർക്ക് യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും ജീവനക്കാർക്കും അവരുടെ ഭാഗം പ്രതിരോധിക്കുന്നതിന് ന്യായമായ അവസരം നൽകിയതിനുശേഷം സസ്പെൻഡ് ചെയ്യുന്നതിനും കുറ്റ വിമുക്തരാക്കുന്നതിനും പിരിച്ചു വിടുന്നതിനും അല്ലെങ്കിൽ മറ്റ് വിധത്തിൽ ഏതൊരു അച്ചടക്ക നടപടിയും എടുക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(11) എല്ലാ നികായങ്ങളിലെയും വിവിധ കൗൺസിലുകളിലേയും അംഗങ്ങളെ, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, സ്റ്റാറ്റ്യൂട്ടുകൾക്ക് അനുസൃതമായി വൈസ്-ചാൻസലർ നിയമിക്കേണ്ടതാണ്.

(12) സ്റ്റാറ്റ്യൂട്ടുകളാൽ വ്യവസ്ഥ ചെയ്ത പ്രകാരം യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച ഒരു റിപ്പോർട്ട് ആനുകാലികമായി സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും മുമ്പാകെ വൈസ്-ചാൻസലർ വയ്ക്കേണ്ടതാണ്.

(13) ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരം വൈസ്-ചാൻസലർക്ക് നൽകിയിട്ടുള്ള അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വൈസ്-ചാൻസലർ വിനയോഗിക്കേണ്ടതും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവഹിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(14) വൈസ്-ചാൻസലർക്ക് ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരം തന്നിൽ നിക്ഷിപ്തമായിട്ടുള്ള ഏതെങ്കിലുമോ എല്ലാമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിനോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനോ യൂണിവേഴ്സിറ്റിയിലെ ഏതൊരു ഉദ്യോഗസ്ഥനെയും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അവസരങ്ങളിലും അങ്ങനെയുള്ള രീതിയിലും താൽക്കാലികമായി ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

(15) വൈസ്-ചാൻസലറുടെ ഔദ്യോഗിക സ്ഥാനത്തിൽ താൽക്കാലിക ഒഴിവുണ്ടാവുകയോ വൈസ്-ചാൻസലറുടെ താൽക്കാലിക അസാന്നിദ്ധ്യത്തിലോ, വൈസ്-ചാൻസലറുടെ അധികാരങ്ങൾ വിനിയോഗിക്കാനും കർത്തവ്യങ്ങൾ നിർവ്വഹിക്കുവാനും ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ ചാൻസലർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

13. <u>പ്രോ-വൈസ്-ചാൻസലറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും</u>.—(1) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരം പ്രോ-വൈസ്-ചാൻസലറായി വൈസ്-ചാൻസലർ ശിപാർശ ചെയ്യുന്ന ഒരാളെ സിൻഡിക്കേറ്റ് നിയമിക്കേണ്ടതും അദ്ദേഹം യൂണിവേഴ്സിറ്റിയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ, പ്രഥമ പ്രോ-വൈസ്-ചാൻസലറെ സർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിയമിക്കേണ്ടതാണ്.

(2) നിയമന സമയത്ത് അറുപത് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും പ്രോ-വൈസ്-ചാൻസലറായി നിയമിക്കാൻ പാടുള്ളതല്ല.

(3) പ്രോ-വൈസ്-ചാൻസലറുടെ നിയമന കാലാവധി നാലു വർഷക്കാലമായിരിക്കുന്നതും പുനർനിയമനത്തിന് അർഹനാണെന്ന് കാണുന്നപക്ഷം അദ്ദേഹത്തെ ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി തൊട്ടടുത്ത നാല് വർഷത്തേക്കുകൂടി നിയമിക്കാവുന്നതുമാണ്:

എന്നാൽ, പ്രോ-വൈസ്-ചാൻസലറുടെ ഔദ്യോഗിക കാലാവധി വൈസ്-ചാൻസലറുടെ ഔദ്യോഗിക കാലാവധിക്കൊപ്പം അവസാനിക്കുന്നതാണ്.

(4) പ്രോ-വൈസ്-ചാൻസലറുടെ ശമ്പളവും മറ്റു സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(5) പ്രോ-വൈസ്-ചാൻസലറുടെ അധികാരങ്ങളും കടമകളും കർത്തവ്യങ്ങളും വൈസ്-ചാൻസലർ കാലാകാലങ്ങളിൽ ഏൽപ്പിച്ചുകൊടുക്കുന്നത് പ്രകാരമായിരിക്കുന്നതാണ്.

14. <u>രജിസ്ട്രാറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും</u>.—(1) രജിസ്ട്രാർ യൂണിവേഴ്സിറ്റിയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാലുവർഷക്കാലയളവിലേക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ്സ് പൂർത്തിയാകുന്നതുവരെയോ, ഇവയിൽ ഏതാണോ ആദ്യം, അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, പ്രഥമ രജിസ്ട്രാറെ സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിയമിക്കേണ്ടതാണ്.

(2) രജിസ്ട്രാറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) രജിസ്ട്രാർ സിൻഡിക്കേറ്റിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്:

എന്നാൽ, അദ്ദേഹം സിൻഡിക്കേറ്റിന്റെ ഒരു അംഗം ആയിരിക്കുന്നതല്ല.

(4) യൂണിവേഴ്സിറ്റിയിലെ അധികാരസ്ഥാനങ്ങളുടെ തീരുമാനങ്ങൾക്ക് വിധേയമായി, രജിസ്ട്രാർക്ക് യൂണിവേഴ്സിറ്റിക്കു വേണ്ടി കരാറുകളിൽ ഏർപ്പെടുന്നതിനും രേഖകളിൽ ഒപ്പുവയ്ക്കുന്നതിനും രേഖകൾ പ്രമാണീകരിക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

(5) യൂണിവേഴ്സിറ്റിയോ യൂണിവേഴ്സിറ്റിക്കെതിരെയോ ബോധിപ്പിക്കുന്ന വ്യവഹാരങ്ങൾ രജിസ്ട്രാറോ രജിസ്ട്രാർക്കെതിരെയോ ആരംഭിക്കേണ്ടതാണ്.

(6) രജിസ്ട്രാർ യൂണിവേഴ്സിറ്റിയുടെ രേഖകളുടെയും പൊതുമുദ്രയുടെയും അങ്ങനെയുള്ള മറ്റ് സ്വത്തുക്കളുടെയും സൂക്ഷിപ്പുകാരനായിരിക്കുന്നതാണ്.

(7) രജിസ്ട്രാർ, യൂണിവേഴ്സിറ്റി അതതുസമയങ്ങളിൽ അംഗീകരിച്ച സ്റ്റാറ്റ്യൂട്ടുകളുടെയും ഓർഡിനൻസുകളുടെയും റഗുലേഷനുകളുടെയും കൈപ്പുസ്തകം തയ്യാറാക്കേണ്ടതും അത് നാളിതുവരെയുള്ളതാക്കി സൂക്ഷിക്കേണ്ടതും യൂണിവേഴ്സിറ്റിയിലെ അധികാരസ്ഥാനങ്ങളിലെ ബന്ധപ്പെട്ട അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും അത് ലഭ്യമാക്കേണ്ടതുമാണ്.

(8) രജിസ്ട്രാർ, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

15. <u>ഫൈനാൻസ് ഓഫീസറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും</u>.—(1) ഫൈനാൻസ് ഓഫീസർ യൂണിവേഴ്സിറ്റിയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ് പൂർത്തിയാകുന്നതുവരെയോ, ഇവയിൽ ഏതാണോ ആദ്യം, അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്:

എന്നാൽ, പ്രഥമ ഫൈനാൻസ് ഓഫീസറെ സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിയമിക്കേണ്ടതാണ്.

(2) ഫൈനാൻസ് ഓഫീസറായി നിയമിക്കപ്പെട്ട ഒരാളിനെ (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) ഫൈനാൻസ് ഓഫീസർ യൂണിവേഴ്സിറ്റിയുടെ ഫൈനാൻസ് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതാണ്:

എന്നാൽ, അദ്ദേഹം ഫൈനാൻസ് കൗൺസിലിലെ ഒരു അംഗം ആയിരിക്കുന്നതല്ല.

(4) ഫൈനാൻസ് ഓഫീസർ, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

16. <u>പരീക്ഷാ കൺട്രോളറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും</u>.—(1) പരീക്ഷാ കൺട്രോളർ യൂണിവേഴ്സിറ്റിയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്കോ അദ്ദേഹത്തിന് അൻപത്തിയാറ് വയസ് പൂർത്തിയാകുന്നതുവരെയോ, ഇവയിൽ ഏതാണോ ആദ്യം, അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്:

എന്നാൽ, പ്രഥമ പരീക്ഷാ കൺട്രോളറെ, സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിയമിക്കേണ്ടതാണ്.

(2) പരീക്ഷാ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

(3) പരീക്ഷാ കൺട്രോളർ, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

17. <u>സൈബർ കൺട്രോളറുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും</u>.—(1) സൈബർ കൺട്രോളർ യൂണിവേഴ്സിറ്റിയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേക്കോ അൻപത്തിയാറ് വയസ് പൂർത്തിയാകുന്നതുവരെയോ, ഇവയിൽ ഏതാണോ ആദ്യം അതുവരെ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള നിബന്ധനകളിലും വ്യവസ്ഥകളിന്മേലും സിൻഡിക്കേറ്റ് നിയമിക്കേണ്ടതുമാണ്:

എന്നാൽ, പ്രഥമ സൈബർ കൺട്രോളറെ സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിയമിക്കേണ്ടതാണ്.

(2) സൈബർ കൺട്രോളറായി നിയമിക്കപ്പെട്ട ഒരാളിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഒരു അധിക കാലയളവിലേക്ക് പുനർനിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(3) സൈബർ കൺട്രോളർ, ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾ പ്രകാരമുള്ള അങ്ങനെയുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അധികാരങ്ങൾ വിനിയോഗിക്കേണ്ടതും അങ്ങനെയുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതുമാണ്.

18. റീജിയണൽ കേന്ദ്രങ്ങളുടെ ഡയറക്ടർമാരുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും.—(1) യൂണിവേഴ്സിറ്റിയുടെ ശിപാർശയിന്മേൽ സർക്കാർ നിശ്ചയിക്കുന്ന നാല് കേന്ദ്രങ്ങളിൽ അക്കാദമിക ആവശ്യങ്ങൾക്കായി യൂണിവേഴ്സിറ്റിയുടെ നാല് റീജിയണൽ കേന്ദ്രങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(2) ഓരോ റീജിയണൽ കേന്ദ്രത്തിനും ഒരു ഡയറക്ടർ ഉണ്ടായിരിക്കേണ്ടതാണ്.

(3) സിൻഡിക്കേറ്റ് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഒരാളെ റീജിയണൽ കേന്ദ്രത്തിന്റെ ഡയറക്ടറായി നിയമിക്കേണ്ടതും അദ്ദേഹം യൂണിവേഴ്സിറ്റിയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ, സർക്കാർ റീജിയണൽ കേന്ദ്രങ്ങളിലെ പ്രഥമ ഡയറക്ടറെ സംസ്ഥാന നിയമം മൂലം സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റികളിൽ നിന്നോ സർക്കാർ അല്ലെങ്കിൽ എയ്ഡഡ് കോളേജ് അദ്ധ്യാപകരിൽ നിന്നോ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിക്കേണ്ടതാണ്.

(4) റീജിയണൽ കേന്ദ്രത്തിലെ ഡയറക്ടറുടെ സേവനകാലാവധി യൂണിവേഴ്സിറ്റി അദ്ധ്യാപകരുടെ സേവന കാലാവധിക്ക് തുല്യമായിരിക്കുന്നതാണ്.

(5) റീജിയണൽ കേന്ദ്രത്തിലെ ഡയറക്ടറുടെ അധികാരങ്ങളും കർത്തവ്യങ്ങളും ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

19. മറ്റ് ഉദ്യോഗസ്ഥർ.—യൂണിവേഴ്സിറ്റിയുടെ മറ്റു ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമന അധികാരി, നിയമന രീതി, ശമ്പളം, സേവന വ്യവസ്ഥകൾ, അധികാരങ്ങൾ, കർത്തവ്യങ്ങൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

## അദ്ധ്യായം 4

## യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനങ്ങൾ

20. യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനങ്ങൾ.—താഴെ പറയുന്നവ യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനങ്ങൾ ആയിരിക്കുന്നതാണ്, അതായത്:—

(i) സെനറ്റ്;

(ii) സിൻഡിക്കേറ്റ്;

(iii) അക്കാദമിക് കൗൺസിൽ;

(iv) ഫൈനാൻസ് കൗൺസിൽ;

(v) സൈബർ കൗൺസിൽ;

(vi) പഠന സ്കൂൾ ബോർഡ്; കൂടാതെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനങ്ങൾ ആയിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ സ്ഥാനനിർദ്ദേശിക്കപ്പെടാവുന്ന, യൂണിവേഴ്സിറ്റിയുടെ അങ്ങനെയുള്ള മറ്റു നികായങ്ങൾ.

21. സെനറ്റ്.—സെനറ്റിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

എക്സ്-ഒഫീഷ്യോ അംഗങ്ങൾ

(i) ചാൻസലർ;

(ii) പ്രോ-ചാൻസലർ;

(iii) വൈസ്-ചാൻസലർ;

(iv) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(v) ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(vi) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(vii) തൊഴിലും നൈപുണ്യവും വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(viii) ഇലക്ട്രോണിക്സും വിവരസാങ്കേതികവും വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(ix) സംസ്ഥാന നിയമം മൂലം സ്ഥാപിതമായ മറ്റ് സർവ്വകലാശാലകളിലെ സിൻഡിക്കേറ്റ് അല്ലെങ്കിൽ സിൻഡിക്കേറ്റിന് സമാനമായ നികായം നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം വീതം;

(x) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു അംഗം;

(xi) പ്രോ-വൈസ്-ചാൻസലർ;

(xii) കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ;

(xiii) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ;

(xiv) തൊഴിൽ വകുപ്പ് മേധാവി;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(xv) റീജിയണൽ കേന്ദ്രങ്ങളുടെ ഡയറക്ടർമാർ;

(xvi) പഠന സ്കൂൾ മേധാവികൾ.

<u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

(i) വിദ്യാഭ്യാസം, വ്യവസായം, കൃഷി, തൊഴിൽ, വിവര സാങ്കേതികം, കല, സാഹിത്യം, സാംസ്കാരികം, കായികം എന്നീ മേഖലകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ആറ് പ്രമുഖ വ്യക്തികൾ അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപ്പെട്ടയാളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്;

(ii) ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്ന് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പ്രമുഖ വ്യക്തികൾ;

(iii) യൂണിവേഴ്സിറ്റിയിലെ റഗുലർ സർവ്വീസിലുള്ള അദ്ധ്യാപകർ, ജീവനക്കാർ, രജിസ്റ്റേർഡ് വിദ്യാർത്ഥികൾ എന്നിവരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ വീതം.

22. <u>സെനറ്റിന്റെ പുനഃസംഘടന</u>.—(1) സെനറ്റ് ഓരോ നാല് വർഷം കൂടുമ്പോഴും പുനഃസംഘടിപ്പിക്കേണ്ടതാണ് .

(2) സെനറ്റിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി സെനറ്റിന്റെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് അവസാനിക്കുന്നതാണ്.

(3) ഔദ്യോഗികസ്ഥാനം ഹേതുവായി സെനറ്റിൽ അംഗമായിട്ടുള്ള ഏതൊരാളും അങ്ങനെയുള്ള ഔദ്യോഗികസ്ഥാനം അവസാനിക്കുന്നതോടെ അതിൽ ഒരു അംഗമല്ലാതായിത്തീരുന്നതാണ്:

എന്നാൽ, അപ്രകാരം സെനറ്റിൽ അംഗമായി സ്ഥാനം ഒഴിയുന്നവർക്ക് പകരം ഒരാളെ ബന്ധപ്പെട്ട അധികാരിക്ക് നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(4) സെനറ്റിന്റെ പുനഃസംഘടനയ്ക്ക് മുൻപ് നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗത്തിന്റെ ഒഴിവുണ്ടാകുന്നപക്ഷം അങ്ങനെയുള്ള ഒഴിവിലേക്ക് ബന്ധപ്പെട്ട അധികാരിക്ക് ഒരാളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്:

എന്നാൽ, അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗത്തിന്റെ ഔദ്യോഗിക കാലാവധി ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെടുന്നത് അയാളുടെ ഔദ്യോഗിക കാലാവധിയിലെ അവശേഷിക്കുന്ന കാലയളവിലേക്ക് ആയിരിക്കേണ്ടതാണ്.

(5) വൈസ്-ചാൻസലർ സെനറ്റിന്റെ കാലാവധി തീരുന്നതിന് മൂന്ന് മാസം മുമ്പ്, സെനറ്റ് പുനഃസംഘടിപ്പിക്കാൻ നടപടി ആരംഭിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(6) യൂണിവേഴ്സിറ്റി, വിജ്ഞാപനം വഴി സെനറ്റ് രൂപീകരിക്കേണ്ടതാണ്.

(7) സെനറ്റിലെ ഒരു അംഗത്തിന് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അലവൻസുകൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

23. സെനറ്റിന്റെ യോഗങ്ങൾ.—(1) സെനറ്റിന്റെ യോഗം വർഷത്തിൽ ഏറ്റവും കുറഞ്ഞത് ഒരു തവണ കൂടേണ്ടതാണ്:

എന്നാൽ, ചാൻസലർക്ക് ഏതുസമയത്തും സെനറ്റിന്റെ യോഗം വിളിച്ചു കൂട്ടാൻ അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) സെനറ്റിന്റെ യോഗം ചാൻസലറുമായി കൂടിയാലോചിച്ച് വൈസ്-ചാൻസലർ വിളിച്ചുകൂട്ടേണ്ടതാണ് .

(3) സെനറ്റിന്റെ യോഗത്തിൽ ചാൻസലർ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്:

എന്നാൽ, ചാൻസലറുടെ അഭാവത്തിൽ ചാൻസലറുടെ അനുമതിയോടെ പ്രോ-ചാൻസലർ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(4) സെനറ്റിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്:

എന്നാൽ, യൂണിവേഴ്സിറ്റിയുടെ ഒരു ബിരുദദാന സമ്മേളനത്തിലോ ബിരുദങ്ങളോ പദവികളോ മറ്റു അക്കാദമിക ബഹുമതികളോ നൽകുന്നതിനായി വിളിച്ചുചേർക്കുന്ന സെനറ്റിന്റെ യോഗത്തിന് അങ്ങനെയുള്ള ക്വാറം ആവശ്യമില്ലാത്തതാണ്.

(5) സെനറ്റിന്റെ യോഗനടപടിക്രമങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

24. സെനറ്റിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.—സെനറ്റ് യൂണിവേഴ്സിറ്റിയുടെ പരമാധികാര അധികാരസ്ഥാനമായിരിക്കുന്നതാണ്. യൂണിവേഴ്സിറ്റിയുടെ നയം രൂപീകരിക്കുന്നതിനാവശ്യമായ ഉപദേശം നൽകേണ്ടത് സെനറ്റ് ആയിരിക്കുന്നതാണ്. സെനറ്റിന്റെ മറ്റ് അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

25. സിൻഡിക്കേറ്റ് .—സിൻഡിക്കേറ്റിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

എക്സ്-ഒഫീഷ്യോ അംഗങ്ങൾ

(i) വൈസ്-ചാൻസലർ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിക്ക് താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(iii) ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിക്ക് താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) പ്രോ-വൈസ് -ചാൻസലർ.

തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ

നിയമസഭാ സാമാജികർ അവർക്കിടയിൽ നിന്നും തെരഞ്ഞെടുക്കുന്ന ഒരംഗം.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(i) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന പഠന സ്കൂൾ മേധാവികളിൽ നിന്നും ഒരാൾ;

(ii) ഉന്നത വിദ്യാഭ്യാസം, തൊഴിൽ, വ്യവസായം എന്നീ മേഖലകളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന എട്ട് പ്രമുഖ വ്യക്തികൾ, അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപ്പെട്ട ആളും, ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്;

(iii) യൂണിവേഴ്സിറ്റിയിലെ രജിസ്റ്റേർഡ് വിദ്യാർത്ഥികളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വിദ്യാർത്ഥി.

26. സിൻഡിക്കേറ്റിന്റെ പുനഃസംഘടന.—(1) സിൻഡിക്കേറ്റ് ഓരോ നാല് വർഷം കൂടുമ്പോഴും പുനഃസംഘടിപ്പിക്കേണ്ടതാണ്.

(2) സിൻഡിക്കേറ്റിലെ എക്സ്-ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി സിൻഡിക്കേറ്റിന്റെ കാലാവധി പൂർത്തിയാകുന്ന മുറക്ക് അവസാനിക്കുന്നതാണ്.

(3) ഔദ്യോഗികസ്ഥാനം ഹേതുവായി സിൻഡിക്കേറ്റിൽ അംഗമായിട്ടുള്ള ഏതൊരാളും അങ്ങനെയുള്ള ഔദ്യോഗികസ്ഥാനം അവസാനിക്കുന്നതോടെ അതിൽ അംഗമല്ലാതായിത്തീരുന്നതാണ്.

(4) സിൻഡിക്കേറ്റിന്റെ പുനഃസംഘടനയ്ക്ക് മുൻപ് നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗത്തിന്റെ ഒഴിവുണ്ടാകുന്ന പക്ഷം അങ്ങനെയുള്ള ഒഴിവിലേക്ക് ബന്ധപ്പെട്ട അധികാരിക്ക് ഒരാളെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നാൽ, അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരു അംഗത്തിന്റെ ഔദ്യോഗിക കാലാവധി ആരുടെ സ്ഥാനത്തേക്കാണോ നിയമിക്കപ്പെടുന്നത് അയാളുടെ ഔദ്യോഗിക കാലാവധിയിലെ അവശേഷിക്കുന്ന കാലയളവിലേക്ക് ആയിരിക്കേണ്ടതാണ് .

(5) രജിസ്ട്രാർ സിൻഡിക്കേറ്റിന്റെ കാലാവധി തീരുന്നതിന് മൂന്ന് മാസം മുമ്പ്, അത് പുനഃസംഘടിപ്പിക്കാൻ നടപടി ആരംഭിക്കേണ്ടതാണ്.

(6) യൂണിവേഴ്സിറ്റി, വിജ്ഞാപനം വഴി സിൻഡിക്കേറ്റ് രൂപീകരിക്കേണ്ടതാണ് .

(7) സിൻഡിക്കേറ്റിലെ ഒരംഗത്തിന് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അലവൻസുകൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

27. <u>സിൻഡിക്കേറ്റിന്റെ യോഗങ്ങൾ.</u>—(1) സിൻഡിക്കേറ്റിന്റെ യോഗം രണ്ട് മാസത്തിലൊരിക്കൽ കൂടേണ്ടതാണ്:

എന്നാൽ, വൈസ് -ചാൻസലർക്ക് ഏതുസമയത്തും സിൻഡിക്കേറ്റിന്റെ ഒരു യോഗം വിളിച്ചുകൂട്ടാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(2) സിൻഡിക്കേറ്റിന്റെ യോഗങ്ങളിൽ വൈസ്-ചാൻസലർ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ് :

എന്നാൽ, വൈസ്-ചാൻസലറുടെ അഭാവത്തിൽ വൈസ് -ചാൻസലറുടെ അനുമതിയോടെ പ്രോ-വൈസ് -ചാൻസലർ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ് .

(3) സിൻഡിക്കേറ്റിന്റെ യോഗം വൈസ്-ചാൻസലറുടെ നിർദ്ദേശത്തിന്മേൽ അങ്ങനെയുള്ള സ്ഥലത്തും തീയതിയിലും സമയത്തും രജിസ്ട്രാർ വിളിച്ചു ചേർക്കേണ്ടതാണ്.

(4) സിൻഡിക്കേറ്റിന്റെ യോഗത്തിന്റെ ക്വാറം ആറ് ആയിരിക്കുന്നതാണ്.

(5) സിൻഡിക്കേറ്റിന്റെ യോഗനടപടിക്രമങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

28. <u>സിൻഡിക്കേറ്റിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—(1) സിൻഡിക്കേറ്റ്, യൂണിവേഴ്സിറ്റിയുടെ മുഖ്യ നിർവ്വാഹക നികായമായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി യൂണിവേഴ്സിറ്റിയുടെ ആസ്തികൾ, ബാദ്ധ്യതകൾ, വരുമാനം, സ്ഥാവര ജംഗമ വസ്തുക്കൾ എന്നിവയ്ക്കുമേലുള്ള പൊതുവായ മേൽനോട്ടവും നിയന്ത്രണവും ഉൾപ്പെടെയുള്ള യൂണിവേഴ്സിറ്റിയുടെ കാര്യ നിർവ്വഹണച്ചുമതല സിൻഡിക്കേറ്റിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) ഈ ആക്റ്റിലെയോ അതിൻകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ റെഗുലേഷനുകളിലെയോ വ്യവസ്ഥകൾക്ക് വിധേയമായി സിൻഡിക്കേറ്റിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് വിധേയമായി യൂണിവേഴ്സിറ്റിയുടെ അക്കാദമിക പ്രവർത്തനത്തിനാവശ്യമായ അദ്ധ്യാപക, അനദ്ധ്യാപക, അക്കാദമിക, മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുകയും അങ്ങനെയുള്ള തസ്തികകൾക്കുള്ള സേവന വ്യവസ്ഥകൾ, യോഗ്യതകൾ, നിയമന രീതി എന്നിവ നിശ്ചയിക്കുകയും ചെയ്യുക;

(ii) യൂണിവേഴ്സിറ്റിയുടെ ഫണ്ടുകൾ, സ്ഥാവര ജംഗമ വസ്തുക്കൾ എന്നിവ കൈവശം വയ്ക്കുകയും നിയന്ത്രിക്കുകയും ചെയ്യുക;

(iii) യൂണിവേഴ്സിറ്റിയിലേക്ക് സർക്കാർ കൈമാറ്റം ചെയ്ത എല്ലാ സ്ഥാവര ജംഗമ വസ്തുക്കളുടെയും കാര്യകർതൃത്വത്തിനും നിയന്ത്രണത്തിനും നിർദ്ദേശം നൽകുക;

(iv) യൂണിവേഴ്സിറ്റിയിലേക്ക് വേണ്ടിയുള്ള എൻഡോവ്മെന്റുകളും, ഒസ്യത്തായി നൽകപ്പെട്ട സ്വത്തും സംഭാവനയും സ്ഥാവര ജംഗമ വസ്തുവകകളും സ്വീകരിക്കുക;

(v) വിദേശ ഏജൻസികളിൽ നിന്നുള്ള സഹപ്രവർത്തന പരിപാടികൾക്കു വേണ്ട ഫണ്ടുകൾ ആ ആവശ്യത്തിലേക്കായുള്ള കേന്ദ്ര സർക്കാരിന്റെയും സർക്കാരിന്റെയും ചട്ടങ്ങൾക്കും റഗുലേഷനുകൾക്കും വിധേയമായി സ്വീകരിക്കുക;

(vi) ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾക്കും അനുസൃതമായി ഓർഡിനൻസുകൾ ഉണ്ടാക്കുകയും അവ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുകയും ചെയ്യുക;

(vii) പഠന കോഴ്സുകൾക്കായി അക്കാദമിക സ്ഥാപനങ്ങളെ അംഗീകരിക്കുകയും അങ്ങനെയുള്ള അംഗീകാരം സസ്പെൻഡ് ചെയ്യുകയോ പിൻവലിക്കുകയോ ചെയ്യുകയും ചെയ്യുക;

(viii) വിദ്യാർത്ഥികളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുക;

(ix) യൂണിവേഴ്സിറ്റിയുടെ റീജിയണൽ കേന്ദ്രങ്ങളിലെയും പഠന കേന്ദ്രങ്ങളിലെയും വിവിധ പഠന കോഴ്സുകളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം നിയന്ത്രിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുക;

(x) വിദ്യാർത്ഥികൾക്ക് ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ റഗുലേഷനു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കളിലെയോ വ്യവസ്ഥകൾക്ക് വിധേയമായി ബിരുദങ്ങൾ നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുക്കുക;

(xi) യൂണിവേഴ്സിറ്റിയിലേക്ക് അടയ്ക്കേണ്ടതായ ഫീസ് നിശ്ചയിക്കുകയും അങ്ങനെയുള്ള ഫീസ് ആവശ്യപ്പെടുകയും സ്വീകരിക്കുകയും ചെയ്യുക;

(xii) സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി യൂണിവേഴ്സിറ്റിയുടെ ബഡ്ജറ്റ് തയ്യാറാക്കുകയും അംഗീകരിക്കുകയും ചെയ്യുക;

(xiii) യൂണിവേഴ്സിറ്റിയുടെ പൊതുമുദ്രയുടെ മാതൃക, കൈവശം, ഉപയോഗം എന്നിവ നിർദ്ദേശിക്കുക;

(xiv) റീജിയണൽ കേന്ദ്രങ്ങളുടെയും പഠന കേന്ദ്രങ്ങളുടെയും കാര്യങ്ങൾ അന്വേഷിക്കുവാനുള്ള നിർദ്ദേശം നൽകുകയും അതിനുള്ള സംവിധാനം ഒരുക്കുകയും, അവയുടെ കാര്യക്ഷമതയ്ക്കുവേണ്ടി അടിസ്ഥാനസൗകര്യം, അക്കാദമിക പ്രകടനം, അക്കാദമികവും ഭരണപരവുമായ വിഭവങ്ങൾ എന്നിവ ഉറപ്പുവരുത്തുകയും അദ്ധ്യാപകരുടെയും മറ്റു അക്കാദമിക ജീവനക്കാരുടെയും അനദ്ധ്യാപക ജീവനക്കാരുടെയും മറ്റു ജീവനക്കാരുടെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുക;

(xv) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

29. <u>അക്കാദമിക് കൗൺസിൽ</u>.—(1) അക്കാദമിക് കൗൺസിൽ അദ്ധ്യാപനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും ഗവേഷണത്തിന്റെയും പരീക്ഷകളുടെയും നിലവാരം കാത്തുസൂക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വമുള്ള യൂണിവേഴ്സിറ്റിയുടെ പ്രധാനപ്പെട്ട അക്കാദമിക നികായം ആയിരിക്കുന്നതാണ്.

(2) അക്കാദമിക് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

(i) വൈസ്-ചാൻസലർ-ചെയർമാൻ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) റീജിയണൽ കേന്ദ്രങ്ങളുടെ ഡയറക്ടർമാർ;

(iv) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങൾ അവർക്കിടയിൽനിന്നും നിർദ്ദേശിക്കുന്ന ഒരു അംഗം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

(i) യൂണിവേഴ്സിറ്റിയിലെ പഠന സ്കൂളുകളിലെ വിവിധ കാറ്റഗറിയിലുള്ള അദ്ധ്യാപകരിൽ നിന്നും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് പേർ വീതം;

(ii) സിൻഡിക്കേറ്റിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽ നിന്നും സിൻഡിക്കേറ്റ് തെരഞ്ഞെടുത്ത രണ്ട് പേർ;

(iii) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന വിദൂര വിദ്യാഭ്യാസ മേഖലയിൽനിന്നും രണ്ട് വിശിഷ്ട വ്യക്തികൾ;

(iv) വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന വിവിധ മേഖലകളിൽ നിന്നും ഏഴ് പേർ, അതിൽ ഒരാൾ പട്ടികജാതി പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ടയാളും ഒരാൾ വനിതയും ആയിരിക്കേണ്ടതാണ്:

എന്നാൽ, അവർ യൂണിവേഴ്സിറ്റി അദ്ധ്യാപകരോ ജീവനക്കാരോ ആകാൻ പാടുള്ളതല്ല.

(v) ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്നുള്ള ഒരു വിശിഷ്ട വ്യക്തി.

30. <u>അക്കാദമിക് കൗൺസിലിന്റെ യോഗങ്ങൾ</u>.—(1) അക്കാദമിക് കൗൺസിൽ ആറ് മാസത്തിലൊരിക്കൽ വൈസ്-ചാൻസലർ നിശ്ചയിക്കുന്ന അങ്ങനെയുള്ള സ്ഥലത്തും തീയതിയിലും സമയത്തും യോഗം ചേരേണ്ടതാണ്. രജിസ്ട്രാർ, അക്കാദമിക് കൗൺസിലിന്റെ സെക്രട്ടറി ആയിരിക്കുന്നതും വൈസ്-ചാൻസലർ നിശ്ചയിക്കുന്ന അങ്ങനെയുള്ള സ്ഥലത്തും തീയതിയിലും സമയത്തും യോഗങ്ങൾ വിളിച്ചു ചേർക്കേണ്ടതുമാണ്. അക്കാദമിക് കൗൺസിലിന്റെ യോഗങ്ങളിൽ വൈസ്-ചാൻസലർ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും വൈസ്-ചാൻസലറുടെ അഭാവത്തിൽ പ്രോ-വൈസ്-ചാൻസലർ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്:

എന്നാൽ, വൈസ്-ചാൻസലർക്ക് ആവശ്യമെന്ന് കരുതുന്നപക്ഷം അക്കാദമിക് കൗൺസിലിന്റെ ഒരു യോഗം വിളിച്ചു ചേർക്കാവുന്നതാണ്.

(2) അക്കാദമിക് കൗൺസിലിന്റെ യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്.

(3) അക്കാദമിക് കൗൺസിലിന്റെ യോഗനടപടിക്രമങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

31. <u>അക്കാദമിക് കൗൺസിലിന്റെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—</u> അക്കാദമിക് കൗൺസിലിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കാലാവധി തുടർച്ചയായ രണ്ട് അദ്ധ്യയനവർഷങ്ങൾ ആയിരിക്കുന്നതും അത് രണ്ടാമത്തെ അദ്ധ്യയനവർഷത്തിന്റെ അവസാനം തീരുന്നതുമാണ്. അക്കാദമിക് കൗൺസിലിലെ മറ്റ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി യൂണിവേഴ്സിറ്റിയിലോ യൂണിവേഴ്സിറ്റിയുടെ അങ്ങനെയുള്ള അധികാരസ്ഥാനത്തോ അവർ വഹിക്കുന്ന ഔദ്യോഗിക സ്ഥാനത്തോടൊപ്പം അവസാനിക്കുന്നതാണ്. അക്കാദമിക് കൗൺസിലിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹത ഉണ്ടായിരിക്കുന്നതാണ്. അക്കാദമിക വർഷം അവസാനിക്കുന്നതിന് മൂന്ന് മാസം മുൻപ് അക്കാദമിക് കൗൺസിൽ പുനഃസംഘടിപ്പിക്കാൻ രജിസ്ട്രാർ നടപടി സ്വീകരിക്കേണ്ടതാണ്.

32. <u>അക്കാദമിക് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, അക്കാദമിക് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ് , അതായത് :—

(i) യൂണിവേഴ്സിറ്റിയുടെ അക്കാദമിക കാര്യങ്ങളിൽ മേൽനോട്ടം വഹിക്കുകയും അദ്ധ്യാപനത്തിനും വിദ്യാഭ്യാസത്തിനും ബോധനത്തിനും ഗവേഷണത്തിനും പരിശീലനത്തിനും ആവശ്യമായേക്കാവുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക;

(ii) യൂണിവേഴ്സിറ്റി നടത്തുന്ന വിവിധ പഠന കോഴ്സുകളുടെ സ്കീമും സിലബസും നിശ്ചയിക്കുകയും സ്വയംപഠന സാമഗ്രികൾ പരിശോധിക്കുകയും ആവശ്യമായ മാറ്റങ്ങളോടെയോ അല്ലാതെയോ അംഗീകരിക്കുകയും ചെയ്യുക;

(iii) ഗവേഷണ വിഷയങ്ങൾക്കും ഗവേഷണ പദ്ധതികൾക്കും അംഗീകാരം നൽകുക;

(iv) പഠന കോഴ്സുകൾക്ക് രജിസ്റ്റർ ചെയ്യുന്നതിന് അക്കാദമിക യോഗ്യത നിർണ്ണയിക്കുക;

(v) മറ്റു സർവ്വകലാശാലകളുടെ സർട്ടിഫിക്കറ്റുകൾ, ഡിപ്ലോമകൾ, ബിരുദങ്ങൾ, ബിരുദാനന്തര ബിരുദങ്ങൾ, മറ്റു അക്കാദമിക ബഹുമതികൾ എന്നിവ പരിശോധിക്കുക;

(vi) അക്കാദമിക സ്ഥാപനങ്ങളെ അംഗീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അവയ്ക്ക് അംഗീകാരം നൽകുന്നതിന് സിൻഡിക്കേറ്റിനോട് ശിപാർശയും നൽകുക;

(vii) പഠന കേന്ദ്രങ്ങൾ നിശ്ചയിക്കുകയും അവയ്ക്ക് അംഗീകാരം നൽകുന്നതിന് സിൻഡിക്കേറ്റിനോട് ശിപാർശയും നൽകുക;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(viii) യൂണിവേഴ്സിറ്റിയുടെ അക്കാദമിക ആവശ്യത്തിലേക്കായി വിവിധ വിഷയങ്ങളിൽ ഉചിതമായ പദ്ധതികൾ ആവിഷ്കരിക്കുകയും സിൻഡിക്കേറ്റിന് ആവശ്യമായ ഉപദേശം നൽകുകയും ചെയ്യുക;

(ix) സ്വമേധയായോ അല്ലെങ്കിൽ പഠന സ്കൂളിന്റെയോ സിൻഡിക്കേറ്റിന്റെയോ ഫൈനാൻസ് കൗൺസിലിന്റെയോ വൈസ് -ചാൻസലറുടെയോ, അതതുസംഗതിപോലെ, അർത്ഥനയിന്മേൽ പൊതു അക്കാദമിക താല്പര്യമുള്ള വിഷയങ്ങളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുക;

(x) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾ പ്രകാരം റഗുലേഷനുകൾ ഉണ്ടാക്കുകയും റഗുലേഷനുകൾക്ക് ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യുകയും ചെയ്യുക;

(xi) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ റഗുലേഷനുകളോ പ്രകാരം അതിന് നൽകാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

33. <u>ഫൈനാൻസ് കൗൺസിൽ</u>.—(1) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, ഫൈനാൻസ് കൗൺസിൽ യൂണിവേഴ്സിറ്റിയുടെ ധനപരമായ എല്ലാ വിഷയങ്ങളിലും തീരുമാനങ്ങൾ എടുക്കേണ്ടതും നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്.

(2) ഫൈനാൻസ് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

(i) വൈസ്-ചാൻസലർ—ചെയർമാൻ;

(ii) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിക്ക് താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(iii) ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) പ്രോ-വൈസ് -ചാൻസലർ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) ഫൈനാൻസ് ഓഫീസർ-എക്സ് -ഒഫീഷ്യോ സെക്രട്ടറി.

നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ

(i) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന സെനറ്റിലെ ഒരു അംഗം ;

(ii) സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന അക്കാദമിക് കൗൺസിലിലെ ഒരു അംഗം;

(iii) സിൻഡിക്കേറ്റിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽ നിന്നും സിൻഡിക്കേറ്റ് തെരഞ്ഞെടുക്കുന്ന രണ്ടു പേർ.

34. ഫൈനാൻസ് കൗൺസിലിന്റെ യോഗങ്ങൾ.—(1) ഫൈനാൻസ് കൗൺസിലിന്റെ യോഗങ്ങളിൽ വൈസ് -ചാൻസലർ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്. വൈസ് -ചാൻസലർക്ക് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള സ്ഥലത്തും തീയതിയിലും സമയത്തും ഫൈനാൻസ് കൗൺസിലിന്റെ യോഗം കൂടുന്നതിന് ഫൈനാൻസ് ഓഫീസറോട് നിർദ്ദേശിക്കേണ്ടതാണ് . യോഗത്തിന്റെ ക്വാറം അഞ്ച് ആയിരിക്കുന്നതാണ് .

(2) ധനപരമായ എല്ലാ കാര്യങ്ങളും ഫൈനാൻസ് കൗൺസിൽ പരിഗണിച്ചശേഷമായിരിക്കണം സിൻഡിക്കേറ്റ് പരിഗണിക്കേണ്ടത് .

(3) ഫൈനാൻസ് കൗൺസിലിന്റെ യോഗനടപടിക്രമങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ് .

35. ഫൈനാൻസ് കൗൺസിലിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.— ഫൈനാൻസ് കൗൺസിലിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ രണ്ടു വർഷം ആയിരിക്കുന്നതാണ്. ഫൈനാൻസ് കൗൺസിലിലെ എക്സ് - ഒഫീഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങളുടെ ഔദ്യോഗിക കാലാവധി യൂണിവേഴ്സിറ്റിയിലോ യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനത്തോ അവർ വഹിക്കുന്ന ഔദ്യോഗിക സ്ഥാനം അവസാനിക്കുന്നതോടെ തീരുന്നതാണ്. കാലാവധി അവസാനിക്കുന്നതിന് മൂന്ന് മാസം മുൻപ് ഫൈനാൻസ് കൗൺസിൽ പുനഃസംഘടിപ്പിക്കാൻ ഫൈനാൻസ് ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

36. ഫൈനാൻസ് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, ഫൈനാൻസ് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ് , അതായത് :—

(i) യൂണിവേഴ്സിറ്റിയുടെ വികസനത്തിന് ഉചിതമായ പദ്ധതികൾ തയ്യാറാക്കുകയും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്യുക;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) ബഡ്ജറ്റിൽ ഉൾപ്പെടുത്താത്ത ചെലവുകൾ നടത്തുന്നതിന് മുമ്പ് അങ്ങനെയുള്ള ചെലവ് സൂക്ഷ്മ പരിശോധന നടത്തി സിൻഡിക്കേറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുക;

(iii) ഫൈനാൻസ് ഓഫീസർ തയ്യാറാക്കുന്ന വാർഷിക കണക്കുകളും ധനകാര്യ എസ്റ്റിമേറ്റുകളും പരിശോധിക്കുകയും ആവശ്യമായ ഭേദഗതിയോടുകൂടി സിൻഡിക്കേറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്യുക;

(iv) യൂണിവേഴ്സിറ്റിയുടെ ആസ്തികളുടെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ ധനകാര്യ വർഷവും ചെലവഴിക്കാവുന്ന ആവർത്തകവും അനാവർത്തകവുമായ തുകകളുടെ പരിധി നിശ്ചയിക്കുകയും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കുകയും ചെയ്യുക;

(v) യൂണിവേഴ്സിറ്റിയുടെ വാർഷിക ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ സിൻഡിക്കേറ്റിനെ സഹായിക്കുക;

(vi) ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ റഗുലേഷനുകളോ പ്രകാരം അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

37. <u>സൈബർ കൗൺസിൽ</u>.—(1) ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സൈബർ കൗൺസിൽ, ആധുനിക ശാസ്ത്രസാങ്കേതിക സംവിധാനങ്ങളിലൂടെ യൂണിവേഴ്സിറ്റിയിലെ വിവിധ പഠന കോഴ്സുകളുടെ അദ്ധ്യാപനരീതി, പരീക്ഷ, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവ സംബന്ധിച്ചും സർട്ടിഫിക്കറ്റ് , ഡിപ്ളോമ, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റു അക്കാദമിക ബഹുമതി എന്നിവ നൽകുന്നതും സംബന്ധിച്ചുള്ള പദ്ധതികളും രീതികളും തയ്യാറാക്കേണ്ടതാണ് .

(2) സൈബർ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ് , അതായത് :—

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

(i) വൈസ്-ചാൻസലർ—ചെയർമാൻ;

(ii) പ്രോ-വൈസ്-ചാൻസലർ.

<u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

(i) സൈബർ കൺട്രോളർ—എക്സ് -ഒഫീഷ്യോ മെമ്പർ സെക്രട്ടറി;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) റീജിയണൽ കേന്ദ്രങ്ങളിലെ ഡയറക്ടർമാരിൽ നിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ;

(iii) സിൻഡിക്കേറ്റിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽ നിന്നും സിൻഡിക്കേറ്റ് തെരഞ്ഞെടുക്കുന്ന രണ്ടു പേർ;

(iv) വൈസ് -ചാൻസലറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് നാമനിർദ്ദേശം ചെയ്യുന്ന വിവരസാങ്കേതിക രംഗത്ത് പ്രത്യേകിച്ചും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട രണ്ട് വിദഗ്ദ്ധർ.

38. <u>സൈബർ കൗൺസിലിന്റെ യോഗങ്ങൾ</u>.—(1) സൈബർ കൗൺസിൽ, അതിന്റെ ഒരു യോഗം ആറ് മാസത്തിലൊരിക്കൽ കൂടേണ്ടതാണ് . സൈബർ കൗൺസിലിന്റെ യോഗങ്ങൾ സൈബർ കൺട്രോളർ വിളിച്ചുചേർക്കേണ്ടതാണ് . സൈബർ കൗൺസിലിന്റെ യോഗങ്ങളിൽ വൈസ് -ചാൻസലർ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്:

എന്നാൽ, വൈസ് -ചാൻസലർക്ക് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള സ്ഥലത്തും തീയതിയിലും സമയത്തും സൈബർ കൗൺസിലിന്റെ ഒരു യോഗം കൂടുന്നതിന് സൈബർ കൺട്രോളറോട് നിർദ്ദേശിക്കാവുന്നതാണ്.

(2) സൈബർ കൗൺസിലിന്റെ യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ മൂന്നിലൊന്നായിരിക്കുന്നതാണ്.

(3) സൈബർ കൗൺസിലിന്റെ യോഗനടപടിക്രമങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

39. <u>സൈബർ കൗൺസിലിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.</u>—സൈബർ കൗൺസിലിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അവർ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ രണ്ട് വർഷം ആയിരിക്കുന്നതാണ്. സൈബർ കൗൺസിലിലെ എക്സ്-ഒഫീഷ്യോ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി യൂണിവേഴ്സിറ്റിയിലോ യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനത്തോ അവർ വഹിക്കുന്ന ഔദ്യോഗിക സ്ഥാനം അവസാനിക്കുന്നതോടെ തീരുന്നതാണ്. സൈബർ കൗൺസിലിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാൻ അർഹതയുണ്ടായിരിക്കുന്നതാണ്. കാലാവധി അവസാനിക്കുന്നതിന് മൂന്ന് മാസം മുൻപ് സൈബർ കൗൺസിൽ പുനഃസംഘടിപ്പിക്കുവാൻ സൈബർ കൺട്രോളർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

40. <u>സൈബർ കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—സൈബർ കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകളാലും ഓർഡിനൻസുകളാലും റഗുലേഷനുകളാലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

41. <u>പഠന സ്കൂളുകൾ</u>.—(1) യൂണിവേഴ്സിറ്റി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന അങ്ങനെയുള്ള പഠന സ്കൂളുകളും ഓരോ പഠന സ്കൂളിനും ഒരു പഠന സ്കൂൾ മേധാവിയും ഉണ്ടായിരിക്കേണ്ടതാണ്. ഓരോ പഠന സ്കൂളും അങ്ങനെയുള്ള സ്കൂളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പഠന കോഴ്സുകൾ രൂപപ്പെടുത്തേണ്ടതാണ് . സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പഠന സ്കൂൾ മേധാവിയെ സിൻഡിക്കേറ്റ് നിയമിക്കേണ്ടതാണ്.

(2) യൂണിവേഴ്സിറ്റിയിൽ താഴെപ്പറയുന്ന പഠന സ്കൂളുകൾ അടങ്ങിയിരിക്കേണ്ടതാണ്, അതായത്:—

(i) സ്കൂൾ ഓഫ് ഹ്യൂമാനിറ്റീസ് ആന്റ് സോഷ്യൽ സയൻസ്;

(ii) സ്കൂൾ ഓഫ് സയൻസ്;

(iii) സ്കൂൾ ഓഫ് ലാംഗ്വേജസ്;

(iv) സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻസ് ആന്റ് ഇൻഫർമേഷൻ സയൻസ്;

(v) സ്കൂൾ ഓഫ് ഇന്റർഡിസിപ്ലിനറി ആന്റ് ട്രാൻസ്ഡിസിപ്ലിനറി സ്റ്റഡീസ്;

(vi) സ്കൂൾ ഓഫ് വൊക്കേഷണൽ എഡ്യൂക്കേഷൻ ആന്റ് ട്രെയിനിംഗ്;

(vii) സ്കൂൾ ഓഫ് ലാ ആന്റ് ബിസിനസ് സ്റ്റഡീസ്;

(viii) സ്കൂൾ ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ ആന്റ് പോളിസി റിസർച്ച്;

(ix) സ്റ്റാറ്റ്യൂട്ടുകളാൽ സ്ഥാപിക്കപ്പെടുന്ന മറ്റു സ്കൂളുകൾ.

(3) പഠന സ്കൂളുകളുടെ ആസ്ഥാനം യൂണിവേഴ്സിറ്റിയുടെ ആസ്ഥാനത്ത് ആയിരിക്കുന്നതാണ്.

(4) യൂണിവേഴ്സിറ്റിയുടെ അക്കാദമിക സൗകര്യാർത്ഥം പഠന സ്കൂളുകൾ റീജിയണൽ കേന്ദ്രങ്ങളിലും സ്ഥാപിക്കാവുന്നതാണ്.

42. <u>പഠന സ്കൂൾ ബോർഡ്</u>.—(1) ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി ഓരോ പഠന സ്കൂളിനും ഒരു പഠന സ്കൂൾ ബോർഡ് ഉണ്ടായിരിക്കേണ്ടതും അങ്ങനെയുള്ള പഠന സ്കൂളിന്റെ എല്ലാ അക്കാദമികവും ഭരണപരവുമായ വിഷയങ്ങളിൽ മേൽനോട്ടവും നിയന്ത്രണവും പഠന സ്കൂൾ ബോർഡ് വഹിക്കേണ്ടതുമാണ്.

(2) പഠന സ്കൂൾ ബോർഡിൽ താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയിരിക്കേണ്ടതാണ് , അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u>

(i) പഠന സ്കൂൾ മേധാവി—ചെയർമാൻ;

(ii) പഠന സ്കൂളുകളിലെ ഓരോ പഠന കോഴ്സിന്റെയും മേധാവി.

<u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ</u>

(i) പഠന സ്കൂളുകളിലെ ഓരോ പഠന കോഴ്സിലേയും അദ്ധ്യാപകരിൽ നിന്നും, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ വീതം;

(ii) വൈസ്-ചാൻസലർ, പഠന സ്കൂൾ ബോർഡിന്റെ അക്കാദമിക സഹായത്തിനായി, കോ-ഓപ്റ്റ് ചെയ്യുന്ന വിവിധ പഠന കോഴ്സുകളുമായി ബന്ധപ്പെട്ട വിദഗ്ദ്ധരായ അഞ്ച് പേർ.

43. <u>പഠന സ്കൂൾ ബോർഡിന്റെ യോഗങ്ങൾ</u>.—(1) ഓരോ പഠന സ്കൂൾ ബോർഡും ഒരു അക്കാദമിക വർഷത്തിൽ കുറഞ്ഞത് രണ്ട് തവണയെങ്കിലും യോഗം കൂടേണ്ടതാണ്. പഠന സ്കൂൾ മേധാവി പഠന സ്കൂൾ ബോർഡിന്റെ യോഗങ്ങൾ വിളിച്ചുചേർക്കേണ്ടതാണ്. പഠന സ്കൂൾ ബോർഡിന്റെ യോഗങ്ങളിൽ പഠന സ്കൂൾ മേധാവിയോ മേധാവിയുടെ ചുമതല വഹിക്കുന്ന ആളോ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്:

എന്നാൽ, വൈസ്-ചാൻസലർക്ക് ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള സ്ഥലത്തും തീയതിയിലും സമയത്തും പഠന സ്കൂൾ ബോർഡിന്റെ ഒരു യോഗം കൂടുന്നതിന് പഠന സ്കൂൾ മേധാവിയോട് നിർദ്ദേശിക്കാവുന്നതും അങ്ങനെയുള്ള യോഗങ്ങളിൽ വൈസ്-ചാൻസലർ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതുമാണ്.

(2) പഠന സ്കൂൾ ബോർഡിന്റെ യോഗത്തിന്റെ ക്വാറം അതിന്റെ ആകെ അംഗങ്ങളുടെ മൂന്നിലൊന്ന് ആയിരിക്കുന്നതാണ്. പഠന സ്കൂൾ ബോർഡിന്റെ യോഗനടപടിക്രമങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

44. <u>പഠന സ്കൂൾ ബോർഡിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി</u>.—പഠന സ്കൂൾ ബോർഡിലെ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അവർ നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ രണ്ട് വർഷമായിരിക്കുന്നതാണ്. പഠന സ്കൂൾ ബോർഡിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്കും കോ-ഓപ്റ്റ് ചെയ്യപ്പെട്ട അംഗങ്ങൾക്കും വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടാനോ കോ-ഓപ്റ്റ് ചെയ്യപ്പെടാനോ, അതതുസംഗതിപോലെ, അർഹതയുണ്ടായിരിക്കുന്നതാണ്.

45. <u>പഠന സ്കൂൾ ബോർഡിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—(1) ഓരോ പഠന സ്കൂൾ ബോർഡും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി അങ്ങനെയുള്ള പഠന സ്കൂളുമായി ബന്ധപ്പെട്ട പഠന കോഴ്സുകളുടെ സിലബസ്, പഠന സാമഗ്രികൾ, ബോധന രീതി, ചോദ്യപേപ്പർ മാതൃക, മൂല്യനിർണ്ണയ രീതി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നിവയുൾപ്പെടെയുള്ള എല്ലാ അക്കാദമികവും ഭരണപരവുമായ കാര്യങ്ങളെ സംബന്ധിച്ച് അക്കാദമിക് കൗൺസിലിന് ശിപാർശ നൽകേണ്ടതാണ്.

(2) പഠന സ്കൂൾ ബോർഡിന്റെ മറ്റു അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകളാലും റഗുലേഷനുകളാലും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ് .

46. യൂണിവേഴ്സിറ്റിയുടെ മറ്റു അധികാരസ്ഥാനങ്ങൾ.—(1) യൂണിവേഴ്സിറ്റിക്ക്, സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അംഗീകാരത്തിന് വിധേയമായി മറ്റേതൊരു അധികാരസ്ഥാനത്തെയും സ്ഥാപിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള അധികാരസ്ഥാനങ്ങളുടെ അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ് .

## അദ്ധ്യായം 5

## അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം

47. യൂണിവേഴ്സിറ്റിയിലെ തസ്തികകൾ.—(1) യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം, റീജിയണൽ കേന്ദ്രം, പഠന കേന്ദ്രം, അക്കാദമിക സ്ഥാപനം, പഠന സ്കൂൾ, എന്നിവയ്ക്കുവേണ്ടി ആവശ്യമായ വിവിധ തസ്തികകൾ സൃഷ്ടിക്കേണ്ടതും അവയ്ക്കുള്ള യോഗ്യത, നിയമനരീതി, സേവന വ്യവസ്ഥകൾ എന്നിവ സിൻഡിക്കേറ്റ് സർക്കാരിന്റെ അംഗീകാരത്തോടുകൂടി നിശ്ചയിക്കേണ്ടതുമാണ്.

(2) 1974-ലെ കേരള സർവ്വകലാശാല ആക്റ്റ് (1974-ലെ 17), 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റ് (1975-ലെ 5), 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് (1985-ലെ 12), 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റ് (1996-ലെ 22) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം യഥാക്രമം സ്ഥാപിക്കപ്പെട്ട കേരള സർവ്വകലാശാല, കോഴിക്കോട് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല എന്നീ സർവ്വകലാശാലകളുടെ അധികാര പരിധിയിൽ ആയിരുന്ന വിദൂര വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ അങ്ങനെയുള്ള സർവ്വകലാശാലകളിൽ നിന്നും മാറ്റിയും ഒഴിവാക്കിയും ഈ യൂണിവേഴ്സിറ്റിയിൽ നിക്ഷിപ്തമാക്കിയും അധികാര പരിധിയിൽ കൊണ്ടുവരേണ്ടതുമാണ്. അങ്ങനെയുള്ള നിക്ഷ്പിതമാക്കലിന്റെയും അധികാര പരിധിയുടെയും ഫലമായി അങ്ങനെയുള്ള സർവ്വകലാശാലകളിൽ തസ്തിക നഷ്ടപ്പെടാൻ ഇടയാകുന്ന റഗുലർ സർവ്വീസിലുള്ള അദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും അനദ്ധ്യാപക ജീവനക്കാർക്കും മറ്റു ജീവനക്കാർക്കും ഈ യൂണിവേഴ്സിറ്റിയിൽ സൃഷ്ടിക്കപ്പെടുന്ന വിവിധ കാറ്റഗറികളിലെ സമാന തസ്തികകളിലേക്ക് അങ്ങനെയുള്ള തസ്തികകൾക്ക് നിശ്ചയിച്ച യോഗ്യതയുള്ളവരെ മാതൃ സർവ്വകലാശാലകളിൽ തങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്നതും അനുഭവിച്ചു കൊണ്ടിരുന്നതുമായ സേവനവ്യവസ്ഥകൾ സംരക്ഷിച്ചുകൊണ്ട് ഓപ്ഷൻ വഴി സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതി വരെ യൂണിവേഴ്സിറ്റിയിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അങ്ങനെയുള്ള തസ്തികകളിലേക്ക് സ്ഥിരമായി നിയമിക്കപ്പെടാൻ അവകാശം ഉണ്ടായിരിക്കുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഓപ്ഷൻ വഴി നിയമന നടപടികൾ പൂർത്തിയാകുന്നതുവരെ യൂണിവേഴ്സിറ്റിയിൽ സൃഷ്ടിക്കപ്പെട്ട വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനായി നിശ്ചിത യോഗ്യതയുള്ളവരെ കേരള സർവ്വകലാശാലയിൽ നിന്നോ കോഴിക്കോട് സർവ്വകലാശാലയിൽ നിന്നോ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നോ കണ്ണൂർ സർവ്വകലാശാലയിൽ നിന്നോ അന്യത്ര സേവന വ്യവസ്ഥയിൽ സിൻഡിക്കേറ്റിന് നിയമിക്കാവുന്നതാണ്.

(4) യൂണിവേഴ്സിറ്റിയിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളിലേക്ക് ഓപ്ഷൻ വഴി നിയമനം പൂർത്തീകരിച്ചശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടത്തേണ്ട തസ്തികകളിലൊഴികെ ബാക്കി ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്തുന്ന ആവശ്യത്തിലേക്ക് സിൻഡിക്കേറ്റ് ഒരു സെലക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്:

എന്നാൽ, അങ്ങനെ ഒഴിവ് വരുന്ന ഏതൊരു തസ്തികയിലേക്കും നിശ്ചിത യോഗ്യതയുള്ളവരെ അന്യത്ര സേവന വ്യവസ്ഥയിൽ സിൻഡിക്കേറ്റിന് നിയമിക്കാവുന്നതാണ്.

(5) സെലക്ഷൻ കമ്മിറ്റിയുടെ ഘടന സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

(6) സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സിൻഡിക്കേറ്റ് നിയമനങ്ങൾ നടത്തേണ്ടതാണ്.

(7) യൂണിവേഴ്സിറ്റിയിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ യോഗ്യതകൾ, നിയമനരീതി, സേവന വ്യവസ്ഥകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

48. <u>യൂണിവേഴ്സിറ്റിയിലെ താൽക്കാലിക നിയമനങ്ങൾ</u>.—(1) ഈ ആക്റ്റിന്റെ പ്രാബല്യ തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് യൂണിവേഴ്സിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ താൽക്കാലിക തസ്തികകൾ സൃഷ്ടിക്കാനും അങ്ങനെയുള്ള തസ്തികകളിലേക്ക് നിയമനം നടത്താനും സിൻഡിക്കേറ്റിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(2) അങ്ങനെയുള്ള താൽക്കാലിക തസ്തികകളിലേക്കുള്ള യോഗ്യതകളും നിയമനരീതിയും സേവന വ്യവസ്ഥകളും സിൻഡിക്കേറ്റിന് നിശ്ചയിക്കാവുന്നതാണ്.

(3) താൽക്കാലികമായി സൃഷ്ടിക്കപ്പെട്ട അങ്ങനെയുള്ള തസ്തികകൾ യൂണിവേഴ്സിറ്റിയിൽ സ്ഥിരമായി സൃഷ്ടിക്കേണ്ടുന്നിടത്ത്, ആയതിലേക്കായി സർക്കാരിൽ നിന്നും അനുമതി വാങ്ങേണ്ടതും അങ്ങനെയുള്ള തസ്തികയ്ക്ക് യോഗ്യതയും നിയമനരീതിയും സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അദ്ധ്യായം 6

## സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റഗുലേഷനുകളും ഉത്തരവുകളും

49. സ്റ്റാറ്റ്യൂട്ടുകൾ.—ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(i) വൈസ്-ചാൻസലറുടെ ശമ്പളം, സേവന വ്യവസ്ഥകൾ, അധികാരങ്ങൾ, കർത്തവ്യങ്ങൾ;

(ii) യൂണിവേഴ്സിറ്റിയുടെ പ്രോ-വൈസ്-ചാൻസലർ, രജിസ്ട്രാർ, പഠന സ്കൂൾ മേധാവി, ഫൈനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ, സൈബർ കൺട്രോളർ, മറ്റു ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, അക്കാദമിക ജീവനക്കാർ, അനദ്ധ്യാപക ജീവനക്കാർ, മറ്റു ജീവനക്കാർ എന്നിവരുടെ നിയമനം, നിയമനരീതി, യോഗ്യതകൾ, സേവന വ്യവസ്ഥകൾ, അധികാരങ്ങൾ, കർത്തവ്യങ്ങൾ എന്നിവ;

(iii) യൂണിവേഴ്സിറ്റിയിലെ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, അക്കാദമിക ജീവനക്കാർ, അനദ്ധ്യാപക ജീവനക്കാർ, മറ്റു ജീവനക്കാർ എന്നിവരുടെ സർവ്വീസ്, അച്ചടക്കം, തർക്കം, പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, ഇൻഷ്വറൻസ് എന്നിവ;

(iv) ഈ ആക്റ്റിൽ പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ലാത്ത യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനങ്ങളുടെ രൂപീകരണവും അധികാരങ്ങളും കർത്തവ്യങ്ങളും;

(v) യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനങ്ങളിലെയോ നികായങ്ങളിലെയോ വിവിധ കൗൺസിലുകളിലെയോ അംഗങ്ങളെ നിയമിക്കുന്നതിനും തെരഞ്ഞെടുക്കുന്നതിനും നാമനിർദ്ദേശം ചെയ്യുന്നതിനും കോ-ഓപ്റ്റ് ചെയ്യുന്നതിനും വേണ്ടിയുള്ള നടപടിക്രമവും ഈ അധികാരസ്ഥാനങ്ങളുമായോ നികായങ്ങളുമായോ വിവിധ കൗൺസിലുകളുമായോ ബന്ധപ്പെട്ട് ആവശ്യമായേക്കാവുന്നതോ അഭിലഷണീയമായേക്കാവുന്നതോ ആയ അങ്ങനെയുള്ള മറ്റെല്ലാ സംഗതികളും;

(vi) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യക്തമാക്കിയിട്ടില്ലാത്തപക്ഷം ഏതെങ്കിലും അധികാരസ്ഥാനത്തിലെയോ നികായത്തിലെയോ വിവിധ കൗൺസിലുകളിലെയോ അംഗങ്ങൾക്കിടയിലുള്ള ഒഴിവുകൾ നികത്തുന്ന രീതി;

(vii) യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനങ്ങളിലെയോ നികായങ്ങളിലെയോ വിവിധ കൗൺസിലുകളിലെയോ അംഗങ്ങളെ അയോഗ്യരാക്കുന്നതിനുള്ള വ്യവസ്ഥകൾ;

(viii) അക്കാദമിക സ്ഥാപനങ്ങൾക്കുള്ള അംഗീകാരം നൽകൽ, സസ്പെൻഡ് ചെയ്യൽ, റദ്ദാക്കൽ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ix) സർട്ടിഫിക്കറ്റുകൾ, ഡിപ്ളോമകൾ, ബിരുദങ്ങൾ, ബിരുദാനന്തര ബിരുദങ്ങൾ, പദവികൾ, ഗവേഷണ ബിരുദങ്ങൾ, മറ്റു അക്കാദമിക ബഹുമതികൾ എന്നിവ നൽകുന്നതിനും ബിരുദദാന സമ്മേളനം നടത്തുന്നതിനുമുള്ള രീതി;

(x) സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്നതോ അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകാൻ ആവശ്യമുള്ളതോ ആയ ഏതൊരു കാര്യവും.

50. <u>സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.</u>—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും യൂണിവേഴ്സിറ്റിയുടെ ആദ്യ സ്റ്റാറ്റ്യൂട്ടുകൾ സർക്കാർ ഉണ്ടാക്കേണ്ടതാണ്.

(2) സിൻഡിക്കേറ്റിന് അതതു സമയങ്ങളിൽ പുതിയത് അല്ലെങ്കിൽ അധിക സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കാവുന്നതും (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതുമാണ്:

എന്നാൽ, യൂണിവേഴ്സിറ്റിയുടെ ഏതെങ്കിലും അധികാര സ്ഥാനത്തിന്റെ പദവിയെയോ അധികാരങ്ങളെയോ അല്ലെങ്കിൽ ഘടനയെയോ ബാധിക്കുന്ന ഒരു സ്റ്റാറ്റ്യൂട്ടിന്റെ കരടോ ഭേദഗതിയോ, അങ്ങനെയുള്ള അധികാരസ്ഥാനത്തിന് ആ നിർദ്ദേശത്തിന്മേൽ അഭിപ്രായം രേഖപ്പെടുത്താൻ ഒരവസരം നൽകുന്നതുവരെ സിൻഡിക്കേറ്റ് നിർദ്ദേശിക്കാൻ പാടില്ലാത്തതും അങ്ങനെ രേഖപ്പെടുത്തുന്ന ഏതൊരു അഭിപ്രായവും രേഖാമൂലമായിരിക്കേണ്ടതും സിൻഡിക്കേറ്റ് അത് പരിഗണിക്കേണ്ടതുമാണ്.

(3) സിൻഡിക്കേറ്റ് പാസ്സാക്കുന്ന ഓരോ സ്റ്റാറ്റ്യൂട്ടും ചാൻസലർക്ക് സമർപ്പിക്കേണ്ടതും അദ്ദേഹത്തിന് അതിന് അനുമതി നൽകുകയോ വീണ്ടും പരിഗണിക്കുന്നതിനായി അത് സിൻഡിക്കേറ്റിന് തിരിച്ചയയ്ക്കുകയോ ചെയ്യാവുന്നതുമാണ്.

(4) സിൻഡിക്കേറ്റ് പാസ്സാക്കിയ യാതൊരു സ്റ്റാറ്റ്യൂട്ടും ചാൻസലർ അനുമതി നൽകുന്നതുവരെ സാധുവായിരിക്കുന്നതോ പ്രാബല്യത്തിൽ വരുന്നതോ അല്ലാത്തതാകുന്നു.

51. <u>ഓർഡിനൻസുകൾ.</u>—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും യൂണിവേഴ്സിറ്റിയുടെ ആദ്യ ഓർഡിനൻസുകൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ വൈസ്-ചാൻസലർ ഉണ്ടാക്കേണ്ടതാണ്.

(2) സിൻഡിക്കേറ്റിന് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഓർഡിനൻസുകൾ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റ് പ്രകാരമോ അതിൻ കീഴിലോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി സിൻഡിക്കേറ്റിന് താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി ഓർഡിനൻസുകൾ ഉണ്ടാക്കാവുന്നതാണ്, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) പഠന കോഴ്സുകളിലേയ്ക്കും യൂണിവേഴ്സിറ്റി പരീക്ഷകളിലേയ്ക്കും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതും സർട്ടിഫിക്കറ്റ്, ഡിപ്ളോമ, ബിരുദം, ബിരുദാനന്തര ബിരുദം, ഗവേഷണ ബിരുദം, മറ്റ് അക്കാദമിക ബഹുമതി എന്നിവ നൽകുന്നതിനുള്ള അർഹതയും ഏത് വ്യവസ്ഥകൾ പ്രകാരമാണെന്നും;

(ii) യൂണിവേഴ്സിറ്റി നടത്തുന്ന പഠന കോഴ്സുകൾക്ക് ഹാജരാകുന്നതിന് വിദ്യാർത്ഥികളുടെ പേര് ചേർക്കുന്നതിനും, സർട്ടിഫിക്കറ്റുകൾ, ഡിപ്ളോമകൾ, ബിരുദങ്ങൾ, ബിരുദാനന്തര ബിരുദങ്ങൾ, ഗവേഷണ ബിരുദങ്ങൾ, മറ്റ് അക്കാദമിക ബഹുമതികൾ എന്നിവയ്ക്കുവേണ്ടിയുള്ള പരീക്ഷകൾക്കുള്ള പ്രവേശനത്തിനും ബിരുദധാരികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസും മറ്റേതെങ്കിലും തരത്തിലുള്ള ഫീസും;

(iii) പരീക്ഷകരുടെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും നിയന്ത്രിക്കുന്ന വ്യവസ്ഥകൾ;

(iv) പരീക്ഷകളുടെയും മറ്റ് ടെസ്റ്റുകളുടെയും നടത്തിപ്പും പരീക്ഷകർ പരീക്ഷാർത്ഥികളെ വിലയിരുത്തുകയും പരിശോധിക്കുകയും ചെയ്യാവുന്നതിന്റെ രീതിയും;

(v) യൂണിവേഴ്സിറ്റിയോ യൂണിവേഴ്സിറ്റിക്കുവേണ്ടിയോ കരാറുകളോ എഗ്രിമെന്റുകളോ ഒപ്പുവയ്ക്കുന്ന രീതി;

(vi) ഈ ആക്റ്റിനാലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളാലോ ഓർഡിനൻസുകളാൽ വ്യവസ്ഥ ചെയ്യേണ്ടതോ ചെയ്യാവുന്നതോ ആയ മറ്റെല്ലാ കാര്യങ്ങളും;

(vii) പൊതുവായി, സിൻഡിക്കേറ്റിന്റെ അഭിപ്രായത്തിൽ ഈ ആക്റ്റിന്റെയോ സ്റ്റാറ്റ്യൂട്ടുകളുടെയോ കീഴിൽ യൂണിവേഴ്സിറ്റിയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിനോ നികായത്തിനോ വിവിധ കൗൺസിലുകൾക്കോ നൽകിയിരിക്കുന്ന അധികാരങ്ങൾ വിനിയോഗിക്കുന്നതിനോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനോ ആവശ്യമുള്ളതായ എല്ലാ കാര്യങ്ങൾക്കും.

52. ഓർഡിനൻസുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.—ഇതിനുശേഷം വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ സിൻഡിക്കേറ്റിന് ഓർഡിനൻസുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദുചെയ്യുകയോ ചെയ്യാവുന്നതാണ്, അതായത്:—

(i) 51-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചോ അല്ലെങ്കിൽ യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപന നിലവാരം നിലനിർത്തുന്നതുമായോ പരീക്ഷകളുമായോ ബന്ധപ്പെട്ടതായ മറ്റേതെങ്കിലും കാര്യത്തിനായി യാതൊരു ഓർഡിനൻസും അതിന്റെ കരട് അക്കാദമിക് കൗൺസിൽ പരിഗണിക്കാത്തപക്ഷം സിൻഡിക്കേറ്റ് ഉണ്ടാക്കുവാൻ പാടുള്ളതല്ല;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ii) മുകളിൽപ്പറഞ്ഞ (i)-ാം ഖണ്ഡത്തിൻകീഴിൽ അക്കാദമിക് കൗൺസിൽ നിർദ്ദേശിച്ച ഏതെങ്കിലും കരട് ഭേദഗതി ചെയ്യുന്നതിന് സിൻഡിക്കേറ്റിന് അധികാരം ഉണ്ടായിരിക്കുന്നതല്ല:

എന്നാൽ, സിൻഡിക്കേറ്റ് നിർദ്ദേശിക്കുന്ന ഏതെങ്കിലും ഭേദഗതിയോടുകൂടി ഭാഗികമായോ പൂർണ്ണമായോ പുനഃപരിഗണനയ്ക്കായി അത് തിരികെ അക്കാദമിക് കൗൺസിലിന് തിരിച്ചയയ്ക്കാവുന്നതാണ്;

(iii) സിൻഡിക്കേറ്റ് ഉണ്ടാക്കിയിട്ടുള്ള എല്ലാ ഓർഡിനൻസുകൾക്കും അത് നിർദ്ദേശിക്കുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. എല്ലാ ഓർഡിനൻസുകളും ചാൻസലറുടെ അറിവിലേക്കായി അയച്ചുകൊടുക്കേണ്ടതാണ്. ഓർഡിനൻസ് ലഭിച്ച് നാലാഴ്ചയ്ക്കകം അതിന്റെ പ്രവർത്തനം താത്കാലികമായി നിർത്തിവയ്ക്കാൻ സിൻഡിക്കേറ്റിനോട് ആവശ്യപ്പെടുവാൻ ചാൻസലർക്ക് അധികാരമുണ്ടായിരിക്കുന്നതും അദ്ദേഹം കഴിയുന്നത്രവേഗം അതിനോടുള്ള എതിർപ്പ് സിൻഡിക്കേറ്റിനെ അറിയിക്കേണ്ടതുമാണ്. സിൻഡിക്കേറ്റിന്റെ അഭിപ്രായം ലഭ്യമായതിനുശേഷം ഓർഡിനൻസുകൾ താത്കാലികമായി നിർത്തിവച്ചുകൊണ്ടുള്ള ഉത്തരവ് പിൻവലിക്കുകയോ അല്ലെങ്കിൽ ഓർഡിനൻസുകൾ അനുവദിക്കാതിരിക്കുകയോ ചെയ്യാവുന്നതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

53. <u>റഗുലേഷനുകൾ.</u>—(1) ഈ ആക്റ്റിലെയും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി അക്കാദമിക് കൗൺസിലിന് സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരം , താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്, അതായത്:—

(i) പഠന കോഴ്സുകളുടെ സ്കീമും സിലബസും സ്വയംപഠന സാമഗ്രികൾ തയ്യാറാക്കലും പരീക്ഷകളുടെ നടത്തിപ്പും;

(ii) പഠന കോഴ്സിനുള്ള യഥാർത്ഥ ദിവസങ്ങളുടെ എണ്ണം, അവധി ദിവസങ്ങൾ, അവധിക്കാലം, അദ്ധ്യയനകാലം എന്നിവ;

(iii) മറ്റ് സർവ്വകലാശാലകളുടെ പരീക്ഷകളും സർട്ടിഫിക്കറ്റുകളും ഡിപ്ളോമകളും ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും ഗവേഷണ ബിരുദങ്ങളും മറ്റു അക്കാദമിക ബഹുമതികളും ഈ യൂണിവേഴ്സിറ്റിയുടെ പരീക്ഷകൾക്കും സർട്ടിഫിക്കറ്റുകൾക്കും ഡിപ്ളോമകൾക്കും ബിരുദങ്ങൾക്കും ബിരുദാനന്തര ബിരുദങ്ങൾക്കും ഗവേഷണ ബിരുദങ്ങൾക്കും മറ്റു അക്കാദമിക ബഹുമതികൾക്കും തുല്യമായി അംഗീകരിക്കൽ;

(iv) ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും വ്യവസ്ഥകൾ പ്രകാരം റഗുലേഷനുകൾ മൂലം നിർണ്ണയിക്കേണ്ടതോ നിർണ്ണയിക്കാവുന്നതോ ആയ മറ്റ് എല്ലാ കാര്യങ്ങൾക്കും.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള എല്ലാ റഗുലേഷനുകൾക്കും അക്കാദമിക് കൗൺസിൽ നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും, എന്നാൽ അങ്ങനെയുണ്ടാക്കിയ ഓരോ റഗുലേഷനുകളും സിൻഡിക്കേറ്റ് മുൻപാകെ അതിന്റെ തൊട്ടടുത്ത യോഗത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

54. ഉത്തരവുകൾ.—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് കീഴിൽ രൂപീകരിച്ചിട്ടുള്ള എല്ലാ നികായങ്ങളുടെയും പ്രവർത്തനത്തിനും മാർഗ്ഗനിർദ്ദേശത്തിനും യൂണിവേഴ്സിറ്റിയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ യോഗങ്ങളുടെ നടപടിക്രമവും കാര്യനിർവ്വഹണവും ക്രമപ്പെടുത്തുന്നതിനും ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ സ്റ്റാറ്റ്യൂട്ടുകൾക്കോ ഓർഡിനൻസുകൾക്കോ റഗുലേഷനുകൾക്കോ വിരുദ്ധമല്ലാതെ ഏതെങ്കിലും അധികാര സ്ഥാനത്തിനോ നികായങ്ങൾക്കോ ഉത്തരവുകൾ ഉണ്ടാക്കുവാൻ അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

55. ഗസറ്റിൽ പ്രസിദ്ധീകരിക്കൽ.—യൂണിവേഴ്സിറ്റി, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കുന്ന എല്ലാ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റഗുലേഷനുകളും ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

## അദ്ധ്യായം 7

## ധനകാര്യം

56. യൂണിവേഴ്സിറ്റി ഫണ്ട്.—(1) “ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഫണ്ട് ”എന്ന പേരിൽ യൂണിവേഴ്സിറ്റിക്ക് ഒരു സഞ്ചിത നിധി രൂപീകരിക്കേണ്ടതും അത് ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലും ഓർഡിനൻസുകളിലും ഉത്തരവുകളിലും പറഞ്ഞിട്ടുള്ള ആവശ്യങ്ങൾക്ക് വേണ്ടിയും അവയിൽ വ്യവസ്ഥ ചെയ്തിട്ടുള്ള രീതിയിലും വിനിയോഗിക്കപ്പെടേണ്ടതുമാണ്.

(2) യൂണിവേഴ്സിറ്റി ഫണ്ടിൽ താഴെപ്പറയുന്നവ വരവ് വയ്ക്കേണ്ടതാണ്, അതായത്:—

(i) സർക്കാരിൽ നിന്നും ഭാരത സർക്കാരിൽ നിന്നും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നും മറ്റു സർക്കാർ ഏജൻസികളിൽ നിന്നും ലഭിക്കുന്ന എല്ലാ വരുമാനങ്ങളും അല്ലെങ്കിൽ ഗ്രാന്റുകളും അല്ലെങ്കിൽ വായ്പകളും;

(ii) സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ പബ്ലിക് ട്രസ്റ്റോ പ്രൈവറ്റ് ട്രസ്റ്റോ നൽകുന്ന ഏതെങ്കിലും ദാനവസ്തുക്കളോ സംഭാവനകളോ എൻഡോവ്മെന്റുകളോ മറ്റു പലവക വരവുകളും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) യൂണിവേഴ്സിറ്റിയുടെ എല്ലാ വരുമാനങ്ങളും ഫീസും യൂണിവേഴ്സിറ്റിയിൽ നിക്ഷിപ്തമായിട്ടുള്ള വസ്തുക്കളിൽ നിന്നും നിധികളിൽ നിന്നും ലഭിക്കുന്ന വാടക, ആദായം എന്നിങ്ങനെയുള്ള എല്ലാ വരുമാനവും;

(iv) യൂണിവേഴ്സിറ്റിക്ക് കടം വാങ്ങുന്ന തുകകളും;

(v) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നും ലഭിക്കുന്ന എല്ലാ തുകകളും.

(3) യൂണിവേഴ്സിറ്റി ഫണ്ടിലുള്ള എല്ലാ പണവും സിൻഡിക്കേറ്റ് നിശ്ചയിക്കാവുന്ന അത്തരം പരിധിക്കുള്ളിൽ സർക്കാർ ട്രഷറിയിലോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിലോ അതിന്റെ സബ്സിഡിയറികളിലോ ദേശസാൽകൃത ബാങ്കുകളിലോ നിക്ഷേപിക്കേണ്ടതാണ്.

(4) യൂണിവേഴ്സിറ്റിക്ക് യൂണിവേഴ്സിറ്റി ഫണ്ടിലെ പണത്തിന്റെ, അത് യുക്തമെന്നു കരുതാവുന്ന അങ്ങനെയുള്ള ഭാഗം, സർക്കാർ കടപ്പത്രങ്ങളിലോ ഭാരത സർക്കാർ ഉറപ്പ് നൽകിയിട്ടുള്ള കടപ്പത്രങ്ങളിലോ നിക്ഷേപിക്കാവുന്നതാണ്.

(5) യൂണിവേഴ്സിറ്റി ഫണ്ടിന്റെ സൂക്ഷിപ്പും അതിൽ പണമടയ്ക്കുന്നതും അതിൽ നിന്നും പണം പിൻവലിക്കുന്നതും ആനുഷംഗികമായ മറ്റെല്ലാ കാര്യങ്ങളും അതിലേക്കായി ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളാലും ഓർഡിനൻസുകളാലും നിയന്ത്രിക്കപ്പെടേണ്ടതാണ്.

(6) ഈ ആക്റ്റ് പ്രകാരമുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിലും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലും ഉണ്ടാകുന്ന ചെലവുകൾ ഉൾപ്പെടെ യൂണിവേഴ്സിറ്റിയുടെ ചെലവുകൾ നടത്തുന്നതിലേക്കായി യൂണിവേഴ്സിറ്റി ഫണ്ട് വിനിയോഗിക്കേണ്ടതാണ്.

57. <u>ബഡ്ജറ്റ്.</u>—(1) ഓരോ സാമ്പത്തിക വർഷത്തേക്കുള്ള യൂണിവേഴ്സിറ്റിയുടെ വാർഷിക ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ ധനവിവര പത്രികയോടൊപ്പം സിൻഡിക്കേറ്റ് അംഗീകരിക്കേണ്ടതാണ്.

(2) സിൻഡിക്കേറ്റ്, അംഗീകരിച്ച പ്രകാരമുള്ള ധനകാര്യ എസ്റ്റിമേറ്റുകളുടെയോ പത്രികകളുടെയോ പകർപ്പുകൾ സർക്കാരിന് അയച്ചുകൊടുക്കേണ്ടതാണ്.

(3) സർവ്വകലാശാലയുടെ സാമ്പത്തികവർഷം സർക്കാരിന് ബാധകമായി ട്ടുള്ളതിന് സമാനമായിരിക്കുന്നതാണ്.

58. <u>വാർഷിക കണക്കുകൾ.</u>—(1) യൂണിവേഴ്സിറ്റിയുടെ വാർഷിക കണക്കുകൾ സിൻഡിക്കേറ്റിന്റെ നിർദ്ദേശപ്രകാരം ഫൈനാൻസ് ഓഫീസർ തയ്യാറാക്കേണ്ടതും ആഡിറ്റ് ആവശ്യങ്ങൾക്കായി സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) സിൻഡിക്കേറ്റ്, വാർഷിക കണക്കുകൾ അവയിന്മേലുള്ള ആഡിറ്റ് റിപ്പോർട്ടോടുകൂടി പ്രസിദ്ധപ്പെടുത്തേണ്ടതും അങ്ങനെയുള്ള കണക്കുകളുടെയും ആഡിറ്റ് റിപ്പോർട്ടിന്റെയും പകർപ്പുകൾ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(3) യൂണിവേഴ്സിറ്റിയുടെയും യൂണിവേഴ്സിറ്റിയുടെ കാര്യകർതൃത്വത്തിലുള്ള സ്ഥാപനങ്ങളുടെയും കണക്കുകൾ ക്രമമായ ഇടവേളകളിൽ ആഡിറ്റ് ചെയ്യുന്നതിന്, ആഡിറ്റർമാരെ സർക്കാർ നിയമിക്കേണ്ടതാണ്.

(4) സർക്കാരിൽ നിന്നല്ലാതെ മറ്റു മാർഗ്ഗങ്ങളിലൂടെ യൂണിവേഴ്സിറ്റിക്ക് ലഭിക്കുന്ന ഫണ്ടുകൾ, ബന്ധപ്പെട്ട ഫണ്ടിംഗ് ഏജൻസി നിർണ്ണയിക്കുന്ന പ്രകാരം ആഡിറ്റിന് വിധേയമാക്കേണ്ടതാണ്.

(5) ആഡിറ്റർ, യൂണിവേഴ്സിറ്റിയുടെ കണക്കുകൾ തുടർച്ചയായി ആഡിറ്റ് ചെയ്യേണ്ടതും യഥാവിധി അറിയിപ്പ് കൊടുത്തതിനുശേഷം യൂണിവേഴ്സിറ്റിയുടെ കാര്യകർതൃത്വത്തിൻകീഴിലുള്ള ഏതെങ്കിലും സ്ഥാപനത്തിന്റെ ലോക്കൽ ആഡിറ്റ് നടത്താവുന്നതുമാണ്.

(6) യൂണിവേഴ്സിറ്റി, സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള ആഡിറ്റ് ചെലവ് വഹിക്കേണ്ടതാണ്.

(7) ഒരു വർഷത്തേക്കുള്ളതോ അതിലും കുറഞ്ഞ ഏതെങ്കിലും കാലയളവിലേക്കുള്ളതോ അഥവാ ഏതെങ്കിലും ഇടപാടോ, തുടർച്ചയായ ഇടപാടുകളോ സംബന്ധിച്ചുള്ളതോ ആയ ആഡിറ്റ് പൂർത്തിയാക്കിയതിനുശേഷം ആഡിറ്റർ ഒരു റിപ്പോർട്ട് യൂണിവേഴ്സിറ്റിക്കും അതിന്റെ ഒരു പകർപ്പ് സർക്കാരിനും അയയ്ക്കേണ്ടതാണ്.

(8) യൂണിവേഴ്സിറ്റി, വാർഷിക കണക്കുകൾ അവയിന്മേലുള്ള ആഡിറ്റ് റിപ്പോർട്ടോടുകൂടി സിൻഡിക്കേറ്റ് മുമ്പാകെ വയ്ക്കേണ്ടതും സിൻഡിക്കേറ്റിന്റെ അംഗീകാരം ലഭിച്ചശേഷം അത് തുടർന്നുവരുന്ന വർഷം മാർച്ച് ഒന്നാം തീയതിയോ അതിനുമുമ്പോ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(9) (8)-ാം ഉപവകുപ്പ് പ്രകാരമുള്ള വാർഷിക കണക്കുകൾ ലഭിച്ചാലുടൻ, സർക്കാർ, ആയത്, നിയമസഭ സമ്മേളനത്തിലാണെങ്കിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്പ്പിക്കേണ്ടതും അത് സമ്മേളനത്തിലല്ലായെങ്കിൽ അപ്രകാരം കണക്കുകൾ ലഭിച്ചതിനുശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ വയ്പ്പിക്കേണ്ടതുമാണ്.

(10) ആഡിറ്റർ (7)-ാം ഉപവകുപ്പ് പ്രകാരമുള്ള റിപ്പോർട്ടിൽ, ക്രമരഹിതമോ നിയമവിരുദ്ധമോ അനുചിതമോ ആയ ചെലവോ അല്ലെങ്കിൽ യൂണിവേഴ്സിറ്റിക്ക് കിട്ടാനുള്ള പണമോ മറ്റു വസ്തുവോ വസൂലാക്കുന്നതിനുള്ള വീഴ്ചയോ അല്ലെങ്കിൽ യൂണിവേഴ്സിറ്റിയുടെ ഉദ്യോഗസ്ഥരുടെയും അധികാരസ്ഥാനങ്ങളുടെയും ഉപേക്ഷയോ നടപടിദൂഷ്യമോ നിമിത്തം അതിന്റെ പണത്തിന്റെയോ മറ്റു വസ്തുവിന്റെയോ നഷ്ടമോ ദുർവ്യയമോ സംബന്ധിച്ചുള്ള എല്ലാ സംഗതികളും പ്രത്യേകം പറയേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(11) ആഡിറ്റർ, സർക്കാർ ആവശ്യപ്പെടാവുന്ന പ്രകാരം യൂണിവേഴ്സിറ്റിയുടെ കണക്കുകൾ സംബന്ധിച്ചുള്ള മറ്റ് ഏതൊരു സംഗതി സംബന്ധിച്ചും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(12) യൂണിവേഴ്സിറ്റി, ആഡിറ്റർ ചൂണ്ടിക്കാണിച്ച ഏതൊരു ന്യൂനതയോ ക്രമക്കേടോ ഉടനടി പരിഹരിക്കുകയും സ്വീകരിച്ചിട്ടുള്ള നടപടി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടതാണ്.

59. <u>വാർഷിക റിപ്പോർട്ട്.</u>—(1) സിൻഡിക്കേറ്റിന്റെ നിർദ്ദേശാനുസരണം രജിസ്ട്രാർ യൂണിവേഴ്സിറ്റിയുടെ വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിൽ മറ്റു കാര്യങ്ങളോടൊപ്പം യൂണിവേഴ്സിറ്റി തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയ അക്കാദമിക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തേണ്ടതും സിൻഡിക്കേറ്റിന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്.

(2) സിൻഡിക്കേറ്റ് അംഗീകരിച്ച വാർഷിക റിപ്പോർട്ടിന്റെ പകർപ്പ് സർക്കാരിന് സമർപ്പിക്കേണ്ടതും, ആയത് നിയമസഭ സമ്മേളനത്തിലാണെങ്കിൽ നിയമസഭയുടെ മേശപ്പുറത്തു വയ്പ്പിക്കേണ്ടതും അത് സമ്മേളനത്തിൽ അല്ലായെങ്കിൽ അപ്രകാരമുള്ള വാർഷിക റിപ്പോർട്ട് ലഭിച്ചതിനുശേഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽ വയ്പ്പിക്കേണ്ടതുമാണ്.

(3) സിൻഡിക്കേറ്റ് അംഗീകരിച്ച വാർഷിക റിപ്പോർട്ടിന്റെ പകർപ്പ് ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്.

## <u>അദ്ധ്യായം 8</u>

## പലവക

60. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനുവേണ്ടി, സർക്കാരിന് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുൻപാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

61. യൂണിവേഴ്സിറ്റിയിന്മേൽ സർക്കാരിനുള്ള പൊതു അധികാരം.—(1) സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ, യൂണിവേഴ്സിറ്റി,—

(i) സർക്കാർ ഏതെങ്കിലും പ്രത്യേക ആവശ്യത്തിനായി നൽകിയ ഏതൊരു സ്ഥാവര ജംഗമ വസ്തുക്കളും, അത് ഏത് ആവശ്യത്തിനാണോ ലഭിച്ചത് അതിനല്ലാതെയുള്ള മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റുവാനോ ചെലവഴിക്കുവാനോ;

(ii) സർക്കാരിന് പ്രത്യക്ഷമായോ പരോക്ഷമായോ അധിക സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഇടയാക്കുന്ന ഏതെങ്കിലും തീരുമാനം എടുക്കുവാനോ നടപ്പിലാക്കുവാനോ, പാടുള്ളതല്ല.

(2) ഈ ആക്റ്റിലും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലും വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിലോ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിലോ യൂണിവേഴ്സിറ്റി വീഴ്ചവരുത്തുന്ന സംഗതിയിൽ, അല്ലെങ്കിൽ യൂണിവേഴ്സിറ്റി മതിയായ രീതിയിൽ അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയോ കർത്തവ്യങ്ങൾ നിർവ്വഹിക്കുകയോ ചെയ്യാത്ത പക്ഷം സർക്കാരിന്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള അന്വേഷണം നടത്തിക്കൊണ്ട് യൂണിവേഴ്സിറ്റിക്ക് അങ്ങനെയുള്ള അധികാരങ്ങളും കർത്തവ്യങ്ങളും ശരിയായി വിനിയോഗിക്കുന്നതിനും നിർവ്വഹിക്കുന്നതിനും ഒരു നിർദ്ദേശം നൽകാവുന്നതും അങ്ങനെയുള്ള നിർദ്ദേശം അനുസരിക്കേണ്ടത് യൂണിവേഴ്സിറ്റിയുടെ കർത്തവ്യം ആയിരിക്കുന്നതുമാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരവും സർക്കാരിന് ഉചിതമെന്ന് തോന്നുന്ന പ്രകാരവും യൂണിവേഴ്സിറ്റിയുടെയോ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള റീജിയണൽ കേന്ദ്രത്തിന്റെയോ പഠന കേന്ദ്രത്തിന്റെയോ മറ്റ് സ്ഥാപനത്തിന്റെയോ കണക്കുകളുടെ ആഡിറ്റ് അങ്ങനെയുള്ള ഇടവേളകളിൽ പതിവായി സർക്കാർ നടത്തേണ്ടതാണ്.

62. യൂണിവേഴ്സിറ്റി പരിശോധിപ്പിക്കുവാനും അന്വേഷണം നടത്തിക്കാനുമുള്ള സർക്കാരിന്റെ അധികാരം.—(1) സർക്കാരിന്, അത് നിർദ്ദേശിക്കുന്ന ആളിനെയോ ആളുകളെയോ കൊണ്ട് യൂണിവേഴ്സിറ്റിയുടെയും അതിന്റെ റീജിയണൽ കേന്ദ്രങ്ങളുടെയും പഠന കേന്ദ്രങ്ങളുടെയും മറ്റു സ്ഥാപനങ്ങളുടെയും, യൂണിവേഴ്സിറ്റി പരിപാലിച്ചു കൊണ്ടുപോരുന്നതോ ഭരിക്കുന്നതോ ആയ ഏതൊരു സ്ഥാപനത്തിന്റെയും, യൂണിവേഴ്സിറ്റിയോ അതിന്റെ ആഭിമുഖ്യത്തിലോ നടത്തുന്ന അദ്ധ്യാപനത്തിന്റെയും മറ്റു പണികളുടെയും, കൂടാതെ യൂണിവേഴ്സിറ്റി നടത്തുന്ന മറ്റു ഏതൊരു പ്രവർത്തനത്തിന്റെയും നടത്തിപ്പും പരിശോധിപ്പിക്കുവാനും യൂണിവേഴ്സിറ്റിയുടെ ഭരണ നിർവ്വഹണവും സാമ്പത്തിക കാര്യങ്ങളും ആയി ബന്ധപ്പെട്ട ഏതൊരു സംഗതിയെപ്പറ്റിയും അന്വേഷണം നടത്തിപ്പിക്കുവാനുമുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) (1)-ാം ഉപവകുപ്പു പ്രകാരം ഒരു പരിശോധനയോ അല്ലെങ്കിൽ അന്വേഷണമോ നടത്തുന്നതിന് മുമ്പ് സർക്കാർ പരിശോധനയോ അന്വേഷണമോ നടത്തുവാനുള്ള തങ്ങളുടെ ഉദ്ദേശ്യം അറിയിച്ചുകൊണ്ടുള്ള നോട്ടീസ് രേഖാമൂലം വൈസ്-ചാൻസലർക്ക് നൽകേണ്ടതും അപ്രകാരമുള്ള പരിശോധനയിലോ അന്വേഷണത്തിലോ ഹാജരാകാനും പറയാനുള്ളത് പറയാനും അവകാശമുള്ള ഒരു യൂണിവേഴ്സിറ്റി പ്രതിനിധിയെ നിയോഗിക്കുവാൻ വൈസ്-ചാൻസലർക്ക് അവകാശമുണ്ടായിരിക്കുന്നതുമാണ്.

(3) അപ്രകാരമുള്ള പരിശോധനയുടെയോ അന്വേഷണത്തിന്റെയോ ഫലത്തെ സംബന്ധിച്ച സർക്കാരിന്റെ അഭിപ്രായം സർക്കാർ യൂണിവേഴ്സിറ്റിയെ അറിയിക്കേണ്ടതും അതിന്മേൽ യൂണിവേഴ്സിറ്റിയുടെ അഭിപ്രായം എന്താണെന്നു തിട്ടപ്പെടുത്തിയതിനുശേഷം എടുക്കേണ്ട നടപടിയെപ്പറ്റി യൂണിവേഴ്സിറ്റിയെ സർക്കാർ ഉപദേശിക്കേണ്ടതും അപ്രകാരമുള്ള നടപടി എടുക്കുന്നതിന് സമയപരിധി നിശ്ചയിക്കേണ്ടതുമാണ്.

(4) സർക്കാർ നൽകിയ ഉപദേശത്തിന്മേൽ തങ്ങൾ എടുത്തതോ എടുക്കുവാൻ ഉദ്ദേശിക്കുന്നതോ ആയ നടപടി, അങ്ങനെ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ യൂണിവേഴ്സിറ്റി സർക്കാരിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(5) സർക്കാരിന് തൃപ്തികരമായവിധം നിശ്ചിത സമയ പരിധിക്കുള്ളിൽ യൂണിവേഴ്സിറ്റി നടപടി എടുക്കാതിരുന്നാൽ യൂണിവേഴ്സിറ്റി നൽകിയ ഏതെങ്കിലും വിശദീകരണമോ നിവേദനമോ പരിഗണിച്ച ശേഷം സർക്കാരിന് അതിന് യുക്തമെന്ന് തോന്നുന്ന അപ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(6) യൂണിവേഴ്സിറ്റി ഒന്നുകിൽ (5)-ാം ഉപവകുപ്പിൻകീഴിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുകയോ അല്ലെങ്കിൽ സംഗതി ചാൻസലറുടെ മുൻപാകെ അദ്ദേഹത്തിന്റെ ഉത്തരവിനായി വയ്ക്കുകയോ ചെയ്യേണ്ടതും ചാൻസലർ പുറപ്പെടുവിക്കുന്ന ഉത്തരവ് അന്തിമമായിരിക്കുന്നതുമാണ്.

(7) (1) മുതൽ (6) വരെയുള്ള ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യൂണിവേഴ്സിറ്റിയുടെ കാര്യങ്ങൾ അതിന്റെ ലക്ഷ്യങ്ങൾക്ക് അനുസൃതമായിട്ടോ അഥവാ ഈ ആക്റ്റിലെയോ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലെയോ റഗുലേഷനുകളിലെയോ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടോ അല്ല നടത്തിപ്പോരുന്നതെന്നോ അഥവാ യൂണിവേഴ്സിറ്റിയുടെ ലക്ഷ്യങ്ങൾ ഫലപ്രദമായി സാക്ഷാത്കരിക്കുന്നതിന് പ്രത്യേക നടപടികൾ ആവശ്യമാണെന്നോ ഏതെങ്കിലും സമയത്ത് സർക്കാരിന് അഭിപ്രായമുള്ളപക്ഷം വിശദീകരണം ആഗ്രഹിക്കുന്ന ഏതെങ്കിലും സംഗതിയെ സംബന്ധിച്ച് യൂണിവേഴ്സിറ്റിക്ക് സർക്കാർ സൂചന നൽകാവുന്നതും സർക്കാർ നിർദ്ദേശിക്കുന്ന അപ്രകാരമുള്ള സമയത്തിനുള്ളിൽ അങ്ങനെയുള്ള വിശദീകരണം നൽകുവാൻ യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെടാവുന്നതുമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(8) (7)-ാം ഉപവകുപ്പു പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ എന്തെങ്കിലും വിശദീകരണം നൽകുന്നതിൽ യൂണിവേഴ്സിറ്റി വീഴ്ച വരുത്തുകയോ അഥവാ സർക്കാരിന്റെ അഭിപ്രായത്തിൽ തൃപ്തികരമല്ലാത്ത ഒരു വിശദീകരണം നൽകുകയോ ചെയ്യുന്നപക്ഷം സംഗതിയുടെ സാഹചര്യങ്ങൾക്കനുസൃതമായി ആവശ്യമെന്നോ അഭിലഷണീയമെന്നോ സർക്കാരിന് ഉചിതമെന്ന് കരുതുന്ന പ്രകാരമുള്ള അത്തരം നിർദ്ദേശങ്ങൾ സർക്കാരിന് പുറപ്പെടുവിക്കാവുന്നതാണ്.

(9) യൂണിവേഴ്സിറ്റി ഒന്നുകിൽ (8)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കുകയോ അല്ലെങ്കിൽ സംഗതി ചാൻസലറുടെ മുമ്പാകെ അദ്ദേഹത്തിന്റെ ഉത്തരവിനായി വയ്ക്കുകയോ ചെയ്യേണ്ടതും, ചാൻസലർ പുറപ്പെടുവിക്കുന്ന ഉത്തരവ് അന്തിമമായിരിക്കുന്നതുമാണ്.

(10) യൂണിവേഴ്സിറ്റിയുടെ ഭരണത്തെ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന പ്രകാരമുള്ള വിവരങ്ങൾ യൂണിവേഴ്സിറ്റി നൽകേണ്ടതാണ്.

63. <u>വൈഷമ്യങ്ങൾ നീക്കം ചെയ്യൽ</u>.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവുമൂലം, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിനു തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ മൂന്ന് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

64. <u>യൂണിവേഴ്സിറ്റി നൽകുന്ന സർട്ടിഫിക്കറ്റുകൾ, ഡിപ്ളോമകൾ, ബിരുദങ്ങൾ, ബിരുദാനന്തര ബിരുദങ്ങൾ, ഗവേഷണ ബിരുദങ്ങൾ, മറ്റു അക്കാദമിക ബഹുമതികൾ എന്നിവയുടെ അംഗീകാരം</u>.—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾ പ്രകാരം ഈ യൂണിവേഴ്സിറ്റി ഏർപ്പെടുത്തുന്ന ഏതെങ്കിലും പഠന കോഴ്സിൽ രജിസ്റ്റർ ചെയ്ത് അങ്ങനെയുള്ള പഠന കോഴ്സ് പൂർത്തിയാക്കി, ഒരു വിദ്യാർത്ഥി യഥാവിധി നേടുന്ന സർട്ടിഫിക്കറ്റോ ഡിപ്ളോമയോ ബിരുദമോ ബിരുദാനന്തര ബിരുദമോ ഗവേഷണ ബിരുദമോ മറ്റു അക്കാദമിക ബഹുമതിയോ നിയമം മൂലം സ്ഥാപിക്കപ്പെട്ടതും റഗുലർ സമ്പ്രദായത്തിൽ പഠന കോഴ്സുകൾ നടത്തുന്ന ഏതൊരു യൂണിവേഴ്സിറ്റിയുടെയും പഠന കോഴ്സിനോടുള്ള തുല്യത സംബന്ധിച്ച് ആവശ്യമായേക്കാവുന്ന പ്രഖ്യാപനം യൂണിവേഴ്സിറ്റി നടത്തേണ്ടതാണ്. അങ്ങനെയുള്ള പ്രഖ്യാപനം ഉന്നത പഠനത്തിനോ തൊഴിലിനോ നൈപുണ്യത്തിനോ വേണ്ടിയുള്ള ഒരു അംഗീകൃത യോഗ്യതയായി സർക്കാർ അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ കരുതേണ്ടതാണ്.

65 <u>വിദ്യാർത്ഥികളുടെ താമസം</u>.— സമ്പർക്ക ക്ലാസ്സുകൾ വേണ്ടിവരുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകൾക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിധേയമായി യൂണിവേഴ്സിറ്റി പരിപാലിച്ചുപോരുന്നതോ വിദ്യാർത്ഥികളുടെ പഠനത്തിന് യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടുള്ളതോ ആയ താമസസ്ഥലങ്ങളിൽ വിദ്യാർത്ഥികൾക്ക് താമസിക്കാവുന്നതാണ്.

66. <u>അധികാരസ്ഥാനങ്ങളുടെ കർത്തവ്യങ്ങൾ</u>.— (1) യൂണിവേഴ്സിറ്റിയുടെ താത്പര്യങ്ങൾ യഥാവിധി സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തേണ്ടത് യൂണിവേഴ്സിറ്റിയിലെ ഓരോ അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ കർത്തവ്യമായിരിക്കുന്നതാണ്.

(2) യൂണിവേഴ്സിറ്റിയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ ഉദ്യോഗസ്ഥന്റെയോ ഭാഗത്തുനിന്നുള്ള, ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയോ സ്റ്റാറ്റ്യൂട്ടുകളുടെയോ ഓർഡിനൻസുകളുടെയോ റഗുലേഷനുകളുടെയോ വ്യവസ്ഥകൾക്ക് അനുസൃതമായല്ലാതെ, ഉത്തമ വിശ്വാസത്തിൽ ചെയ്തതല്ലാത്ത ഏതെങ്കിലും നടപടിയിലൂടെ, അല്ലെങ്കിൽ അവയ്ക്ക് അനുസൃതമായി നടപടിയെടുക്കുവാൻ പരാജയപ്പെട്ടതുകൊണ്ട് അഥവാ അതിന്റെയോ അദ്ദേഹത്തിന്റെയോ ഭാഗത്തുനിന്നുള്ള മനഃപൂർവ്വമായ ഉപേക്ഷയോ വീഴ്ചയോ മൂലം യൂണിവേഴ്സിറ്റിക്ക് ഹാനിയോ നഷ്ടമോ ഉണ്ടായിട്ടുണ്ടെന്ന് കാണുകയാണെങ്കിൽ അങ്ങനെയുള്ള ഹാനിയോ നഷ്ടമോ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന നടപടിക്രമമനുസരിച്ച്, കൂട്ടായോ വെവ്വേറെയോ, അതതുസംഗതിപോലെ, അധികാരസ്ഥാനത്തിൽ നിന്നോ നികായത്തിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

67. <u>ചാൻസലർ തർക്കങ്ങൾ തീർപ്പാക്കേണ്ടതാണെന്ന്.</u>—യഥാവിധി തെരഞ്ഞെടുക്കപ്പെട്ടതോ നിയമിക്കപ്പെട്ടതോ നാമനിർദ്ദേശം ചെയ്യപ്പെട്ടതോ കോ-ഓപ്റ്റ് ചെയ്യപ്പെട്ടതോ ആയ ഒരാൾ യൂണിവേഴ്സിറ്റിയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ ഒരു അംഗമാകാൻ യോഗ്യനാണോ എന്നതിനെ സംബന്ധിച്ച് ഈ ആക്റ്റിലെയോ ഏതെങ്കിലും സ്റ്റാറ്റ്യൂട്ടുകളുടെയോ ഓർഡിനൻസുകളുടെയോ റഗുലേഷനുകളുടെയോ വ്യാഖ്യാനം സംബന്ധിച്ച് എന്തെങ്കിലും പ്രശ്നം ഉദിക്കുകയാണെങ്കിൽ, അതിനാൽ നേരിട്ട് ബാധിക്കപ്പെട്ട ആളുടെയോ അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ ഹർജിയിന്മേൽ അല്ലെങ്കിൽ വൈസ്-ചാൻസലർ സ്വമേധയായോ പ്രസ്തുത കാര്യം ചാൻസലറുടെ അഭിപ്രായത്തിന് അയച്ചുകൊടുക്കേണ്ടതും, അദ്ദേഹം ആവശ്യമെന്ന് കരുതുന്ന പ്രകാരമുള്ള അങ്ങനെയുള്ള ഉപദേശം സ്വീകരിച്ച ശേഷം, സർക്കാരുമായി കൂടിയാലോചിച്ച് പ്രശ്നത്തിൽ തീർപ്പുകൽപ്പിക്കേണ്ടതും അങ്ങനെയുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

68. <u>ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം</u>.— ഈ ആക്റ്റിലെ മറ്റു വ്യവസ്ഥകൾക്ക് വിധേയമായി, യൂണിവേഴ്സിറ്റിയോ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥരോ അധികാരസ്ഥാനങ്ങളോ നികായങ്ങളോ ഉത്തമവിശ്വാസത്തിൽ ചെയ്ത എല്ലാ നടപടികളും അല്ലെങ്കിൽ പാസ്സാക്കിയ എല്ലാ ഉത്തരവുകളും അന്തിമമായിരിക്കുന്നതും ഉത്തമവിശ്വാസത്തിലും, ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ എന്നിവയുടെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വ്യവസ്ഥകൾക്ക് അനുസൃതമായും ചെയ്തിട്ടുള്ള ഏതെങ്കിലും കാര്യമോ പാസ്സാക്കിയിട്ടുള്ള ഉത്തരവുകളോ അല്ലെങ്കിൽ ചെയ്യാനുദ്ദേശിക്കുന്ന ഏതെങ്കിലും കാര്യമോ പാസ്സാക്കാനുദ്ദേശിക്കുന്ന ഏതെങ്കിലും ഉത്തരവോ സംബന്ധിച്ച് യൂണിവേഴ്സിറ്റിക്കോ അതിന്റെ ഉദ്യോഗസ്ഥർക്കോ അധികാരസ്ഥാനങ്ങൾക്കോ നികായങ്ങൾക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടികളോ ആരംഭിക്കുവാനോ തുടരുവാനോ നഷ്ടപരിഹാരത്തിന് അവകാശവാദം ഉന്നയിക്കുവാനോ പാടുള്ളതല്ല.

69. <u>അധികാരം ഏല്പിച്ചുകൊടുക്കൽ</u>.—ഈ ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, യൂണിവേഴ്സിറ്റിയുടെ ഏതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റഗുലേഷനുകളും ഉണ്ടാക്കുന്നതിനുള്ള അധികാരമൊഴികെ, അതിന്റെ ഏതെങ്കിലും അധികാരങ്ങൾ, അപ്രകാരം ഏൽപ്പിച്ചുകൊടുത്ത അധികാരങ്ങൾ വിനിയോഗിക്കുന്നതിനുള്ള അന്തിമ ഉത്തരവാദിത്വം അവ ഏൽപ്പിച്ചു കൊടുക്കുന്ന ഉദ്യോഗസ്ഥനിലോ അധികാരസ്ഥാനത്തിലോ തുടർന്നും നിക്ഷിപ്തമായിരിക്കുന്നതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, യൂണിവേഴ്സിറ്റിയുടെ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ അധികാരസ്ഥാനത്തിനോ ഉത്തരവിലൂടെ എൽപ്പിച്ചുകൊടുക്കാവുന്നതാണ്.

70. <u>യൂണിവേഴ്സിറ്റിയുടെ നടപടികൾ അസാധുവാക്കാൻ പാടില്ലെന്ന്</u>.— യൂണിവേഴ്സിറ്റിയുടെയോ അതിന്റെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ ഏതെങ്കിലും നികായത്തിന്റെയോ യാതൊരു പ്രവൃത്തിയും അല്ലെങ്കിൽ നടപടിയും ഏതെങ്കിലും സമയത്ത്,—

(i) അങ്ങനെയുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായ ത്തിന്റെയോ ഏതെങ്കിലും അംഗങ്ങൾ യഥാവിധി തെരഞ്ഞെടുക്കപ്പെട്ടിട്ടില്ലെന്നോ നിയമിക്കപ്പെട്ടിട്ടില്ലെന്നോ നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടില്ലെന്നോ കോ-ഓപ്റ്റ് ചെയ്യപ്പെട്ടിട്ടില്ലെന്നോ മറ്റേതെങ്കിലും കാരണത്താൽ അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ രൂപീകരണസമയത്ത് അധികാരസ്ഥാനം ഏറ്റെടുക്കുവാൻ അല്ലെങ്കിൽ അതിന്റെ യോഗത്തിൽ പങ്കെടുക്കുവാൻ ലഭ്യമല്ലെന്നോ അല്ലെങ്കിൽ ഏതെങ്കിലും ആൾ ഒന്നിൽക്കൂടുതൽ അധികാരസ്ഥാനങ്ങളിൽ അംഗമാണെന്നോ അല്ലെങ്കിൽ അതിന്റെ രൂപീകരണത്തിൽ മറ്റേതെങ്കിലും ന്യൂനതകളുണ്ടെന്നോ അതിന്റെ അംഗങ്ങളുടെ ഔദ്യോഗിക സ്ഥാനങ്ങളിൽ ഒന്നോ അതിൽ കൂടുതലോ ഒഴിവുകൾ ഉണ്ടെന്നോ, അല്ലെങ്കിൽ

(ii) പരിഗണനയിലിരിക്കുന്ന കാര്യത്തിന്റെ സത്തയെ ബാധിക്കാതെ അങ്ങനെയുള്ള ഏതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നികായത്തിന്റെയോ നടപടിക്രമത്തിൽ എന്തെങ്കിലും ക്രമക്കേടുകൾ ഉണ്ടെന്നോ, ഉള്ള കാരണങ്ങളാൽ മാത്രം അസാധുവായതായി കരുതപ്പെടാൻ പാടുള്ളതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അദ്ധ്യായം 9

## പരിവർത്തനകാലത്തേക്കുള്ള വ്യവസ്ഥകൾ

71. ആദ്യ അധികാരസ്ഥാനങ്ങളുടെ നാമനിർദ്ദേശങ്ങൾ.— ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യൂണിവേഴ്സിറ്റിയുടെ ആദ്യത്തെ എല്ലാ അധികാര സ്ഥാനങ്ങളെയും, ഈ ആക്റ്റിന്റെ പ്രാബല്യ തീയതിക്ക് ശേഷം, കഴിയുന്നത്ര വേഗം സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അങ്ങനെ നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ ആറു മാസത്തേക്കോ അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത അധികാരസ്ഥാനങ്ങൾ രൂപീകരിക്കുന്നതുവരെയോ, ഏതാണോ ആദ്യം, അതുവരെ തുടരാവുന്നതാണ്.

72. വിദൂര വിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ പഠനം നടത്തുന്നതും പഠനം നടത്താൻ ഉദ്ദേശിക്കുന്നതുമായ വിദ്യാർത്ഥികളുടെ കാര്യങ്ങൾ സംബന്ധിച്ച്.— (1) ഈ ആക്റ്റിലോ സംസ്ഥാനത്തെ മറ്റ് സർവ്വകലാശാല നിയമങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാബല്യ തീയതിയിലും അന്ന് മുതൽക്കും വിദൂര വിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ ഒരു പഠന കോഴ്സിലേക്ക് പ്രവേശനം നേടുവാൻ ഉദ്ദേശിക്കുന്ന ഒരു വിദ്യാർത്ഥിയുടെ സംഗതിയിൽ, ഈ ആക്റ്റ് മൂലം സ്ഥാപിക്കപ്പെട്ട യൂണിവേഴ്സിറ്റി അല്ലാത്ത സംസ്ഥാന നിയമം മൂലം സ്ഥാപിക്കപ്പെട്ട മറ്റേതൊരു സർവ്വകലാശാലയും അങ്ങനെയുള്ള വിദ്യാർത്ഥിക്ക് അത്തരം പഠന കോഴ്സുകളിലേക്ക് പ്രവേശനം നൽകുവാൻ പാടുള്ളതല്ല :

എന്നാൽ, സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ട ഏതെങ്കിലും സർവ്വകലാശാലയിൽ സർട്ടിഫിക്കറ്റിനോ ഡിപ്ളോമയ്ക്കോ ബിരുദത്തിനോ ബിരുദാനന്തര ബിരുദത്തിനോ ഗവേഷണ ബിരുദത്തിനോ മറ്റു അക്കാദമിക ബഹുമതിക്കോ വേണ്ടി ഒരു പഠന കോഴ്സിലേക്ക് ഒരു വിദ്യാർത്ഥി രജിസ്റ്റർ ചെയ്തിട്ടുള്ളപക്ഷം അങ്ങനെയുള്ള വിദ്യാർത്ഥിക്ക് ബന്ധപ്പെട്ട സർവ്വകലാശാലയുടെ പരീക്ഷ എഴുതുന്നതിന് അവകാശം ഉണ്ടായിരിക്കുകയും അയാൾ അങ്ങനെയുള്ള പരീക്ഷയിൽ യോഗ്യത കൈവരിക്കുകയാണെങ്കിൽ, ബന്ധപ്പെട്ട സർവ്വകലാശാലയുടെ സർട്ടിഫിക്കറ്റോ ഡിപ്ളോമയോ ബിരുദമോ ബിരുദാനന്തര ബിരുദമോ ഗവേഷണ ബിരുദമോ മറ്റ് അക്കാദമിക ബഹുമതിയോ, അതതുസംഗതിപോലെ, ലഭിക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലോ റഗുലേഷനുകളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിക്ക് തൊട്ടുമുൻപ് സംസ്ഥാനത്തെ ഏതൊരു സർവ്വകലാശാലയിലും വിദൂര വിദ്യാഭ്യാസത്തിലൂടെയോ പ്രൈവറ്റ് രജിസ്ട്രേഷനിലൂടെയോ ഒരു പഠന കോഴ്സിന് രജിസ്റ്റർ ചെയ്ത് പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു വിദ്യാർത്ഥിയുടെ സംഗതിയിൽ, ബന്ധപ്പെട്ട സർവ്വകലാശാലയ്ക്ക് ബാധകമായിട്ടുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ പഠനം പൂർത്തീകരിക്കാൻ ക്രമീകരണങ്ങൾ ഒരുക്കേണ്ടത് ബന്ധപ്പെട്ട സർവ്വകലാശാലയുടെ ചുമതലയായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

73. <u>പരിവർത്തനകാലത്തേക്കുള്ള വ്യവസ്ഥകൾ</u>.— (1) ഈ ആക്റ്റിന്റെ പ്രാബല്യ തീയതി മുതൽ ആറു മാസത്തിനുള്ളിലോ, വിജ്ഞാപനം വഴി സർക്കാർ നിർദ്ദേശിക്കാവുന്ന, രണ്ട് വർഷത്തിൽ കവിയാതെയുള്ള, അങ്ങനെയുള്ള ദീർഘിപ്പിച്ച കാലയളവിനുള്ളിലോ, യൂണിവേഴ്സിറ്റിയുടെ അധികാരസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുക എന്നത് ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ആദ്യത്തെ വൈസ്-ചാൻസലറുടെ കർത്തവ്യമായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരം യഥാവിധി ഒരു അധികാരസ്ഥാനത്തെയോ നികായത്തെയോ രൂപീകരിക്കുന്നതുവരെ, ഈ ആക്റ്റ് പ്രകാരമുള്ള അങ്ങനെയുള്ള അധികാരസ്ഥാനത്തിന്റെ അല്ലെങ്കിൽ നികായത്തിന്റെ ഏതെങ്കിലും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനും വേണ്ടി ആദ്യത്തെ വൈസ്-ചാൻസലർക്ക് ഏതെങ്കിലും ഉദ്യോഗസ്ഥനെയോ ഏതെങ്കിലും നികായത്തെയോ ആറ് മാസത്തേക്കോ അല്ലെങ്കിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത അധികാരസ്ഥാനങ്ങൾ രൂപീകരിക്കുന്നതുവരെയോ, ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെയുള്ള കാലയളവിലേക്ക് താൽക്കാലികമായി നിയമിക്കാവുന്നതാണ്.

(3) ഈ യൂണിവേഴ്സിറ്റിയുടെയും റീജിയണൽ കേന്ദ്രങ്ങളുടെയും പഠന കേന്ദ്രങ്ങളുടെയും സ്ഥാപനത്തിനും പ്രവർത്തനത്തിനും ആവശ്യമായ സ്ഥാവര ജംഗമ വസ്തുക്കൾ, സംസ്ഥാന നിയമം മൂലം സ്ഥാപിതമായിട്ടുള്ള ഏതൊരു സർവ്വകലാശാലയിൽ നിന്നോ അങ്ങനെയുള്ള സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ ഉള്ള സ്ഥാപനങ്ങളിൽ നിന്നോ ബന്ധപ്പെട്ട സർവ്വകലാശാലയുമായി കൂടിയാലോചിച്ച് അങ്ങനെയുള്ള വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ താൽക്കാലികമായോ സ്ഥിരമായോ സർക്കാർ ഏർപ്പെടുത്തി കൊടുക്കേണ്ടതാണ്.

74. <u>റദ്ദാക്കലും ഒഴിവാക്കലും</u>.— (1) 2020-ലെ ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാല ഓർഡിനൻസ് (2020-ലെ 45) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത എന്തെങ്കിലും കാര്യമോ, എടുത്ത ഏതെങ്കിലും നടപടിയോ, ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## **Law (Legislation-G) Department**

## NOTIFICATION

No. 12010/Leg. G2/2020/Law. *Dated, Thiruvananthapuram, 2nd February, 2021*
*20th Makaram,1196*
*13th Magha, 1942.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the SreeNarayanaGuru Open University Act, 2021 (1 of 2021).

By order of the Governor,

ARAVINTHA BABU P. K.,
*Law Secretary.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/